കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## കൊടുമ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2018-19

## ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

e-mail:-dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ-പികെഡി-14-580/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

തീയതി: -09.06.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൊടുമ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :- കൊടുമ്പ് ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:-

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി-14-580/2020      തീയതി: -09.06.2020

## പാലക്കാട് ജില്ലയിലെ കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് )

പാലക്കാട് ജില്ലയിലെ കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 08-05-2019 മുതൽ തിയതി 19-02-2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണ ത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സതീശൻ. എൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20-02-2020 മുതൽ 02-03-2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| സുമേഷ്. എൻ | ഓഡിറ്റ് ഓഫീസർ |
| പ്രീത.യു | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| സുലൈമാൻ. ഐ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ജിജീഷ്. എ.കെ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഷൈലജ.എസ് | 1-4-2018 മുതൽ 31-3-2019 വരെ |
| സെക്രട്ടറി | ശ്രീ. റെജിമോൻ. എം | 1-4-2018 മുതൽ 20-5-2018 വരെ |
| | ശ്രീമതി.കെ.കാഞ്ചന, അസി.സെക്രട്ടറി(സെക്രട്ടറി-ഇൻ-ചാർജ്ജ്) | 21-5-2018 മുതൽ 20-6-2018 വരെ & 14-3-2019 മുതൽ 31-3-2019 വരെ) |
| | ശ്രീ. നൗഷാദ്. എ.വൈ | 21-6-2018 മുതൽ<br>1-7-2018 വരെ |
| | ശ്രീ. ശ്രീകുമാർ. ജി | 2-7-2018 മുതൽ 13-3-2019 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.നന്ദകുമാർ.എ | 1-4-2018 മുതൽ 31-3-2019 വരെ |
| വി.ഇ.ഓ | ശ്രീമതി.ജൈഷ്ണ.എസ് | 1-4-2018 മുതൽ 31-3-2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സരസ്വതി. പി | 1-4-2018 മുതൽ 31-3-2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. സജിനി.വി.വി | 1-4-2018 മുതൽ 15-1-2019 വരെ |
| | ശ്രീമതി. സ്മിത. എം | 16-1-2019 മുതൽ 4-3-2019 വരെ |
| | ശ്രീ. അരുൺ. എസ്.ആർ | 5-3-2019 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.ജോവിത പുളുർ | 1-4-2018 മുതൽ 4-7-2018 വരെ |
| | ഡോ. രശ്മി സൂസൻ മാത്യൂ | 5-7-2018 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.ഹേമ.എം | 1-4-2018 മുതൽ 15-7-2018 വരെ |
| | ഡോ. സ്മിത | 16-7-2018 മുതൽ 31-3-2019 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.ദേവദാസ്.എം | 1-4-2018 മുതൽ 31-3-2019 വരെ |
| എച്ച്.എം | ശ്രീമതി.ഖദീജ.കെ | 1-4-2018 മുതൽ 31-3-2019 വരെ |
| അസി.സെക്രട്ടറി | ശ്രീമതി.കാഞ്ചന.കെ | 1-4-2018 മുതൽ 31-3-2019 വരെ |

<u>ഉള്ളടക്കം</u>

ഭാഗം I

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം-എ.സി.ആർ പ്രകാരം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | തൊഴിൽ നികുതി- നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. | 1-11 |
| 12 | ഡി&ഒ ലൈസൻസ് - ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള ഫീ ഈടാക്കേണ്ടതാണ് | 1-12 |
| 13 | ദുരിതാശ്വാസ നിധിയുടെ സാധ്യത പരിശോധിക്കാവുന്നതാണ്. | 1-13 |
| 14 | വസ്തു നികുതി നിർണ്ണയിച്ചതിൽ 10236/- രൂപയുടെ കുറവ്-അപാകത പരിഹരിക്കേണ്ടതാണ്. | 1-14 |
| 15 | വാടക- അപാകതകൾ പരിഹരിക്കേണ്ടതാണ്. | 1-15 |
| 16 | വസ്തു നികുതി പിരിവ് ഊർജ്ജിതമാകേണ്ടതാണ്. | 1-16 |
| 17 | ശമ്പള പരിഷ്കരണ കുടിശ്ശിക – പുതുക്കിയ ശമ്പളം അനുസരിച്ചുള്ള പെൻഷൻ കോൺട്രിബ്യൂഷൻ വിഹിതം അടവാക്കേണ്ടതാണ് | 1-17 |
| 18 | പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന തരത്തിൽ പിഴ ചുമത്തിയില്ല - പിഴയിനത്തിൽ ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടം. | 1-18 |
| 19 | മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല | 1-19 |
| 20 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും ബാരൽ വില ഈടാക്കിയില്ല - പഞ്ചായത്ത് ഫണ്ടിന് 7761/-രൂപയുടെ നഷ്ടം | 1-20 |
| 21 | കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ് - പഞ്ചായത്തിന്റെ അധിക ബാദ്ധ്യത ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-21 |
| 22 | തെരുവ് വിളക്ക് പരിപാലനം | 1-22 |
| 23 | എ.ബി.സി പദ്ധതി - ചെലവിന്റെ വിനിയോഗ വിവരം ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കേണ്ടതാണ് | 1-23 |
| 24 | ഡെപ്പോസിറ്റ് പ്രവർത്തിയുടെ പൂർത്തീകരണ വിവരം/ചെലവ് തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-24 |
| 25 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ക്ഷീര സംഘത്തിന്റെ പാലളവ് സ്റ്റേറ്റ്മെന്റുകൾ ഹാജരാക്കിയില്ല | 1-25 |
| 26 | പദ്ധതി പണം ഉപയോഗിച്ച് അങ്കണവാടികളുടെ വാടക നല്കിയതിന് വിശദീകരണം ആവശ്യപ്പെടുന്നു. | 1-26 |
| | | |

| | | |
|---|---|---|
| 27 | സബ്സിഡി മാർഗ്ഗരേഖയിൽ സൂചിപ്പിച്ചിട്ടില്ലാത്ത ഇനത്തിന് ധനസഹായം നല്കിയിരിക്കുന്നു-വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 1-27 |
| 28 | വയോജനങ്ങൾക്ക് കട്ടിൽ-പ്രൊക്യൂർമെന്റ് മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല-വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 1-28 |
| 29 | പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 1-29 |
| 30 | പാലിയേറ്റീവ് കെയർ- മാർഗ്ഗരേഖാ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. | 1-30 |
| 31 | ലൈഫ് ഭവന പദ്ധതി-തുടർ നടപടികൾ ആവശ്യപ്പെടുന്നു. | 1-31 |
| 32 | അഗതി രഹിത കേരളം പദ്ധതി - അവലോകനം | 1-32 |
| 33 | ഖരമാലിന്യപദ്ധതി - അവലോകനം | 1-33 |

ഭാഗം-II

ഒന്നുമില്ല

ഭാഗം-III

ഒന്നുമില്ല

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | വായ്പ / വായ്പാതിരിച്ചടവ് | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |

# ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 26.03.18 തീയതിയിലെ 1- ാം നം. തീരുമാനപ്രകാരം അംഗീകരിക്കുകയും, ആയത് 30.01.19 തീയതിയിലെ 1- ാം നം. തീരുമാനമനുസരിച്ച് താഴെ പറയും പ്രകാരം റിവൈസ് ചെയ്തിട്ടുമുണ്ട്.

| | |
|---|---|
| മുന്നിരിപ്പ് | 107936529 |
| പ്രതീക്ഷിത വരവ് | 156741094 |
| ആകെ | 264677623 |
| പ്രതീക്ഷിത ചെലവ് | 204031218 |
| നീക്കിയിരുപ്പ് | 60646405 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 3.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 16211199 |
| വരവ് | 112553418 |
| ആകെ | 128764617 |
| ചെലവ് | 108060055 |
| നീക്കിയിരിപ്പ് | 20704562 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 15042710 | 15042710 | *13764211 | 1278499 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 11949000 | 11949000 | 9635977 | 2313023 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8867993 | 8867993 | 6975076 | 1892917 |
| മെയിന്റനൻസ്, - റോഡ് | 0 | 10174000 | 10174000 | 10048844 | 125156 |

| | | | | | |
|---|---|---|---|---|---|
| (ACR പ്രകാരം) | | | | | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3045000 | 3045000 | 3045000 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് ഭരണച്ചെലവുകൾ | 246 | 1486106 | 1486352 | 1410699 | 75653 |
| തൊഴിലാളികളുടെ കൂലി | 0 | 13968299 | 13968299 | 13968299 | 0 |
| തനത് ഫണ്ട് -ട്രഷറി TSBഅക്കൗണ്ട് | 1251984 | 28562649 | 29814633 | 28828746 | 985887 |
| തനത് ഫണ്ട് - കോർപ്പറേഷൻ ബാങ്ക് | 3787167 | 4210747 | 7997914 | 989492 | 7008422 |
| പൊൽപ്പുള്ളി സർവ്വീസ് സഹകരണ ബാങ്ക് | 10675757 | 7965969 | 18641726 | 11894349 | 6747377 |
| ജോയിന്റ് വെഞ്ചർ - ബ്ലോക്ക് പഞ്ചായത്ത് | | **3616421 | 3616421 | 3245833 | 370588 |
| ജില്ലാ പഞ്ചായത്ത് | 0 | 3038883 | 3038883 | 1380032 | 1658851 |
| ഖരമാലിന്യ സംസ്കരണം | 370169 | 3331521 | 3701690 | - | 3701690 |
| ബി ഫണ്ട് | 0 | 5614370 | 5614370 | 5614370 | 0 |

* വികസന ഫണ്ട് ജനറൽ ചെലവ് - എ.സി.ആർ പ്രകാരം 14262028/-രൂപയും, വാർഷിക കണക്ക് പ്രകാരം 13764211/-രൂപയുമാണ്. വ്യത്യാസം - 497817/- ( GO പ്രൊജക്ട് - അങ്കണവാടി വർക്കർമാർക്ക് ഹോണറേറിയം)

** ബ്ലോക്ക് പഞ്ചായത്ത് വിഹിതം - വാർഷിക കണക്ക് പ്രകാരമുള്ള വരവ് 1474406/- രൂപ സംയുക്ത അക്കൗണ്ടിലും, ബാക്കി 2142015/-രൂപ തനത് ഫണ്ട് അക്കൗണ്ടിലുമാണ് വരവ് വെച്ചിട്ടുള്ളത്. നീക്കിയിരുപ്പായ 370588/- രൂപ സംയുക്ത പദ്ധതികൾക്കായുള്ള ടി.എസ്.ബി അക്കൗണ്ടിൽ നിലനിൽക്കുന്നു.
ടി.എസ്.സി, ഐ.സി.ഡി.എസ്, നിർമ്മൽ ഗ്രാമ പുരസ്കാർ എന്നീ ഇനങ്ങളിലെ വരവ്- ചെലവുകൾ തനത് ഫണ്ടിൽ ഉൾപ്പെടുന്നു. ആയവ താഴെ പ്രത്യേകം ചേർക്കുന്നു.

| | | | | | |
|---|---|---|---|---|---|
| ടി.എസ്.സി | 672583 | 0 | 672583 | 0 | 672583 |
| ഐ.സി.ഡി.എസ് | 1494972 | 815344 | 2310316 | 801417 | 1508899 |
| നിർമ്മൽ ഗ്രാമ പുരസ്കാർ | 242500 | 0 | 242500 | 0 | 242500 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 202 | 159935421 | 145 | 76877471 | 57 | 72 |

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരം നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 17 | 12 | 8702367 | 3101788 | 36 |
| അസി.സെക്രട്ടറി | 2 | 1 | 390000 | 250000 | 64 |
| കൃഷി ഓഫീസർ | 1 | 1 | 13532353 | 8003398 | 59 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 3 | 2 | 1031886 | 543400 | 53 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 2 | 2 | 752470 | 752000 | 99.9 |
| വെറ്ററിനറി സർജ്ജൻ | 2 | 2 | 4150000 | 1700000 | 41 |
| ഐ.സി.ഡി.എസ് | 7 | 5 | 4443601 | 3181000 | 72 |
| വി.ഇ.ഒ | 7 | 6 | 76032800 | 29322000 | 39 |
| ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ് | 4 | 3 | 1161902 | 1111901 | 96 |
| അസി.എഞ്ചിനീയർ | 156 | 110 | 49394548 | 28657107 | 58 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 343494 | 254877 | 74 |
| ആകെ | 202 | 145 | 159935421 | 76877471 | 48 |

ആകെ വകയിരുത്തിയ തുകയുടെ 48% ആണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 246 | 1486106 | 1486352 | 1410699 | 75653 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 13968299 | 13968299 | 13968299 | 0 |

# 1-7 കാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 25.02.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 32674/- രൂപയുടെ വരവ് ബോധ്യപ്പെട്ടു.

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 66240 | 35 |
| വാർദ്ധക്യകാലപെൻഷൻ | 15989400 | 1486 |
| വികലാംഗപെൻഷൻ | 2950400 | 256 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 610700 | 54 |
| വിധവാ പെൻഷൻ | 10057800 | 878 |

# 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപ്പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിന്റെ വരവ്, ചെലവ് രേഖകളും, അനുബന്ധ രജിസ്റ്ററുകളും തൃപ്തികരമായി സൂക്ഷിക്കുകയും, പരിശോധനയ്ക്ക് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നുണ്ട്. രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാനുവലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിൽവരുത്തി ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ വാങ്ങിയിട്ടുണ്ട്. വരവ് ചെലവുകളിന്മേലുള്ള ബജറ്ററി കൺട്രോൾ തൃപ്തികരമാണ്. വൗച്ചറുകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകൾ, പെർമിറ്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്ററുകൾ, ലേല രജിസ്റ്റർ മുതലായ സുപ്രധാന രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നു. സാംഖ്യാ സോഫ്റ്റ്‌വെയർ മുഖാന്തരമുള്ള അക്കൗണ്ടിംഗ് സംവിധാനവും പൊതുവെ തൃപ്തികരമാണ്.31.10.2017 മുതൽ സകർമ്മ സോഫ്റ്റ് വെയറിലൂടെയുള്ള മിനിട്ട്സ് സൂക്ഷിപ്പ് പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. കമ്മിറ്റി യോഗം ചേർന്ന് 48 മണിക്കൂറിനുള്ളിൽ മിനിട്സ് ക്ലോസ് ചെയ്ത് ബന്ധപ്പെട്ടവർക്ക് തീരുമാനത്തിന്റെ പകർപ്പ് നൽകണമെന്ന ചട്ടത്തിലെ വ്യവസ്ഥ പാലിക്കപ്പെടേണ്ടതുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.ധനകാര്യ ഇടപാടുകളുടെ കൃത്യത, പൂർണത, നിയമസാധുത എന്നിവ ഉറപ്പാക്കുകയും ഭരണ-ഉദ്യോഗസ്ഥ തലത്തിലെ ഏകോപനം കൂടുതൽ മെച്ചപ്പെടുത്തി ഭരണം ചലനാത്മകമാക്കേണ്ടതായിട്ടുണ്ട്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 9.01.2020 | ഡിസംബർ/2019 | 9.01.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.05.08 – 4.06.08 | 1997-98 മുതൽ 2007-08 വരെ | 18.07.08 |

# 1-11 തൊഴിൽ നികുതി- നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

2018-19 വർഷത്തെ രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ്, പിരിവ്, രേഖകളുടെ സൂക്ഷിപ്പ് എന്നിവ വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന സ്ഥാപനങ്ങളുടെ പട്ടിക, റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകൾ പരിശോധിക്കുവാൻ ലക്ഷ്യമിടുകയും ആവശ്യമായ പരിശോധന നടത്തുകയും ചെയ്തു. പരിശോധനയുടെ വിവരം താഴെ ചേർക്കുന്നു.

എ)<u>ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.</u>

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന

ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | ജീവനക്കാരുടെ എണ്ണം | വാർഡ്/ കെട്ടിട നം | അർദ്ധ വർഷം |
|---|---|---|---|---|
| 1 | റഹ്മത്ത് ബേക്ക്സ്&കൺഫെക്ഷണറീസ് | 9 | - | 1 & 2 |
| 2 | ശ്രീറാം പെറ്റ് ബോട്ടിൽസ് | 9 | - | 1 & 2 |
| 3 | ശ്രീഹരി ക്യാപ്സ് | 8 | - | 1 & 2 |
| 4 | ശ്രീ കൃഷ്ണ ജോബ് സെന്റർ | 8 | 12/200 | 1 & 2 |
| 5 | ന്യൂ ടെക് ലാബ് | 6 | 8/407 | 1 & 2 |
| 6 | കിം ഷോറും | 6 | 1/552 | 1 & 2 |
| 7 | ഫൈനെക്സ് ഫുഡ്സ് & അല്ലൈഡ്സ് | 5 | 15/676-678 | 1 & 2 |
| 8 | ശ്രീദേവി റൈസ് ഇൻഡസ്ട്രീസ് | 6 | 5/189 | 1 & 2 |
| 9 | മൂസ സൺസ് | 7 | 1/547 | 1 & 2 |
| 10 | ഹൈലക്സ് മാഫ്രുഷാത് | 20 | 15/605 | 1 & 2 |
| 11 | എം വി പ്രസ്സ് | 6 | 14/197 | 1 & 2 |
| 12 | റൂഫ് ടെക്ക് റൂഫിങ് സിസ്റ്റംസ് ലിമിറ്റഡ് | 5 | 2/1081 | 1 & 2 |
| 13 | സൂര്യ റി ത്രെഡ്സ് | 7 | 1/772 | 1 & 2 |
| 14 | ഷണ്മുഖ റൈസ് മിൽ | 4 | 8/28 | 1 & 2 |
| 15 | എച്ച് എൻ പോളിമേഴ്സ് | 4 | 2/1160 | 1 & 2 |
| 16 | പാലയംകാട് ക്ഷീര സംഘം | - | - | 1 & 2 |
| 17 | മിഥുനംപള്ളം ക്ഷീര സംഘം | - | - | 1 & 2 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബി) <u>റേഷൻ കടകളുടെ സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി, ക്ഷീരസംഘങ്ങളുടെ സ്ഥാപന നികുതി എന്നിവ ഈടാക്കേണ്ടതാണ്.</u>

പഞ്ചായത്ത് പരിധിയിൽ റേഷൻ കടകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയതായി കാണുന്നില്ല. സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22.1.19 ലെ (സി.എസ് )എ9-764/19 സർക്കുലറിൽ റേഷൻകടകളെ തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയിൽ നിന്നും ഒഴിവാക്കാനാവുന്നതല്ലെന്ന് അറിയിച്ചിട്ടുണ്ട്. അതുപോലെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീര സഹകരണ സംഘങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നുള്ള സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

സി)<u>കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.</u>

പഞ്ചായത്തുമായി 2018-19 സാമ്പത്തിക വർഷത്തിൽ മരാമത്ത് പ്രവർത്തികൾക്കായി കരാറിൽ ഏർപ്പെട്ടിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ

അറിയിക്കേണ്ടതാണ്. കരാറുകാരുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | കരാറുകാരന്റെ പേര് | എറ്റെടുത്ത മരാമത്ത് പ്രവർത്തികളുടെ എണ്ണം |
|---|---|---|
| 1 | ദേവദാസ് | 9 |
| 2 | സന്ദീപ്.സി | 2 |
| 3 | സുന്ദരൻ.സി | 24 |
| 4 | സുരേഷ് കുമാർ | 1 |
| 5 | കെ.രമണൻ | 15 |
| 6 | കെ.കാശു | 4 |
| 7 | എം.രാധാകൃഷ്ണൻ | 7 |
| 8 | സമീർ ഖാൻ | 7 |
| 9 | പി.കെ.ശിവദാസ് | 2 |
| 10 | കൃഷ്ണൻ കുട്ടി | 2 |
| 11 | അരവിന്ദൻ.ബി | 2 |

# 1-12 ഡി&ഒ ലൈസൻസ് - ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള ഫീ ഈടാക്കേണ്ടതാണ്

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് - പുതുക്കിയ ചട്ടങ്ങൾ അനുസരിച്ചുള്ള നടപടികൾ

31.10.2017 ലെ ജി.ഒ (പി) നം 80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ.നം.674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 1996 എന്ന് പുനർ നാമകരണം ചെയ്തിട്ടുണ്ട്. ഭേദഗതിക്കു മുമ്പ്, ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങളുടെ പരമാവധി ലൈസൻസ് ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടങ്ങൾ അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നീ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്.

| ക്രമ നം. | വ്യവസായസ്ഥാപനത്തിന്റെ തരം | ചുമത്താവുന്ന പരമാവധി തുക |
|---|---|---|
| 1 | മൈക്രോ | 500/- |
| 2 | മിനി | 1000/- |
| 3 | സ്മാൾ | 5000/- |
| 4 | മീഡിയം | 10000/- |
| 5 | ലാർജ്ജ് | 15000/- |

കൊടുമ്പ് ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ വിറ്റ് വരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ കണക്കാക്കിയിരിക്കുന്നത്. 2019-20 മുതൽ ഭേദഗതി ചട്ട പ്രകാരമുള്ള ഫീ ഈടാക്കുന്നുണ്ടെന്ന്

ഓഡിറ്റ് അന്വേഷണം 9(28-2-20) ന് മറുപടിയായി അറിയിച്ചിട്ടുണ്ട്.

ബി)<u>പഞ്ചായത്ത് പരിധിയിലെ റേഷൻ ഡിപ്പോകൾ, ക്ഷീര സഹകരണ സംഘങ്ങൾ ലൈസൻസ് എടുത്തിട്ടില്ല</u>

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തന ങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻകടകൾക്കും ക്രമനം 132 പ്രകാരം ക്ഷീര സഹകരണ സംഘങ്ങൾക്കും പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളും ക്ഷീര സംഘങ്ങളും ലൈസൻസ് എടുത്തിട്ടില്ലെന്ന് ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.മേൽ സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുള്ളതായി ഓഡിറ്റ് അന്വേഷണം 9/28-2-20 ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്

# 1-13 ദുരിതാശ്വാസ നിധിയുടെ സാധ്യത പരിശോധിക്കാവുന്നതാണ്

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവർക്കു അടിയന്തിര സന്ദർഭങ്ങളിൽ ധനസഹായമെത്തിക്കുന്നതിനു വേണ്ടി ഓരോ ഗ്രാമപഞ്ചായത്തിലും പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കുന്നത് നല്ലതായിരിക്കുമെന്ന് സർക്കാർ കരുതുന്നു. ധനശേഖരണാർത്ഥമുള്ള കലാകായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധി ആരംഭിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. നിധിയുടെ വരവു ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിലോ സഹകരണബാങ്കിലോ ഒരു അക്കൗണ്ട് സൂക്ഷിച്ചുപോരേണ്ടതാണ്. കൊടുമ്പ് പഞ്ചായത്തിൽ ദുരിതാശ്വാസ നിധിയുടെ സാധ്യത പരിശോധിക്കുന്നതിലേക്കായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-14 വസ്തു നികുതി നിർണ്ണയിച്ചതിൽ 10236/- രൂപയുടെ കുറവ്-അപാകത പരിഹരിക്കേണ്ടതാണ്

100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന താഴെ പറയുന്ന കെട്ടിടത്തിന്റെ വസ്തു നികുതി 100 ച.മീ കുറവുള്ള വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ നിരക്കിൽ നിർണ്ണയിച്ചിരിക്കുന്നു. ആയത് മൂലം 10,236/- കുറവായാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. നികുതി പുനർനിർണ്ണയിച്ച് സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

എ1)

| ഉടമസ്ഥന്റെ പേര് | വാർഡ് നമ്പരും കെട്ടിട നമ്പരും | കെട്ടിടത്തിന്റെ വിസ്തൃതി (ച.മീ.) | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 40 രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 60 രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|---|
| ഗണേശൻ, | 2/1104 | 105.16 | അടിസ്ഥാനനികുതി-105.16*50=5258 | അടിസ്ഥാനനികുതി-105.16*60=6309.6 | 1325 |

| | | | | | |
|---|---|---|---|---|---|
| രാമചന്ദ്രൻ,<br>രാധാ<br>നിലയം,<br>പിരിവു<br>ശാല | | | ഇളവ്-0<br>വർദ്ധനവ്-1051.6(20%)<br>ആകെ-6310<br>ലൈബ്രറി സെസ്-316<br>ആകെ-6626 | ഇളവ്-0<br>വർദ്ധനവ്-1261.92(20%)<br>ആകെ-7572<br>ലൈബ്രറി സെസ്-379<br>ആകെ-7951 | |
| | | | ആകെ കുറവ് | | 1325 |

എ2)

| ഉടമസ്ഥന്റെ പേര് | വാർഡ് നമ്പരും കെട്ടിട നമ്പരും | കെട്ടിടത്തിന്റ വിസ്തതി (ച.മീ.) | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 40 രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 60 രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|---|
| ജ്യോതി. പി. ജി<br>സരോവരം, മേജർ എൻക്ലേവ് | 15/694 | 114 | അടിസ്ഥാനനികുതി-114*50=5700<br>ഇളവ്-0<br>വർദ്ധനവ്-1140(20%)<br>ആകെ-6840<br>ലൈബ്രറി സെസ്-342<br>ആകെ-7182 | അടിസ്ഥാനനികുതി-114*60=6840<br>ഇളവ്-0<br>വർദ്ധനവ്-1368(20%)<br>ആകെ-8208<br>ലൈബ്രറി സെസ്-411<br>ആകെ-8619 | 1437 |
| | | | ആകെ കുറവ് | | 1437 |

എ3)

| ഉടമസ്ഥന്റെ പേര് | വാർഡ് നമ്പരും കെട്ടിട നമ്പരും | കെട്ടിടത്തിന്റ വിസ്തതി (ച.മീ.) | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 40 രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 60 രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|---|
| രാജേഷ്, സുരേഷ്, കുപ്പക്കാട്, കൊട്ടുമ്പ് | 2/1098 | 298 | അടിസ്ഥാനനികുതി-298*50=14900<br>ഇളവ്-1490(10%)<br>വർദ്ധനവ്-2980(20%)<br>ആകെ-16390<br>ലൈബ്രറി സെസ്-820<br>ആകെ-17210 | അടിസ്ഥാനനികുതി-298*60=17880<br>ഇളവ്-1788(10%)<br>വർദ്ധനവ്-3576(20%)<br>ആകെ-19668<br>ലൈബ്രറി സെസ്-984<br>ആകെ-20652 | 3442 |
| | | | ആകെ കുറവ് | | 3442 |

എ4)

| ഉടമസ്ഥന്റെ പേര് | വാർഡ് നമ്പരും കെട്ടിട നമ്പരും | കെട്ടിടത്തിന്റ വിസ്തതി (ച.മീ.) | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 40 രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 60 രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|---|
| സുഹറ, w/o അബൂബക്കർ, പിരിവുശാല, ചന്ദ്രനഗർ | 2/978 | 104.22 | അടിസ്ഥാനനികുതി-104.22*50=5211<br>വർദ്ധനവ്-1043(20%)<br>ആകെ- 6254<br>[illegible] | അടിസ്ഥാനനികുതി-104.22*60=6253.2<br>വർദ്ധനവ്-1250.64(20%)<br>ആകെ-7504<br>[illegible] | 1313 |

| | | | | | |
|---|---|---|---|---|---|
| | | | ലൈബ്രറി സെസ്-313<br>ആകെ-6567 | ലൈബ്രറി സെസ്-376<br>ആകെ-7880 | |
| | 2/979 | 116.64 | അടിസ്ഥാനനികുതി-116.64*50=5832<br>വർദ്ധനവ്-1167(20%)<br>ആകെ- 6999<br>ഇളവ്-350(5%)<br>=6649<br>ലൈബ്രറി സെസ്-333<br>ആകെ-6982 | അടിസ്ഥാനനികുതി-116.64*60=6999<br>വർദ്ധനവ്-1400(20%)<br>ആകെ- 8399<br>ഇളവ്-420(5%)<br>=7979<br>ലൈബ്രറി സെസ്-399<br>ആകെ-8378 | 1396 |
| | 2/980 | | അടിസ്ഥാനനികുതി-116.64*50=5832<br>വർദ്ധനവ്-1167(20%)<br>ആകെ- 6999<br>ഇളവ്-700(10%)<br>=6299<br>ലൈബ്രറി സെസ്-315<br>ആകെ-6614 | അടിസ്ഥാനനികുതി-116.64*60=6999<br>വർദ്ധനവ്-1400(20%)<br>ആകെ- 8399<br>ഇളവ്-840(10%)<br>=7559<br>ലൈബ്രറി സെസ്-378<br>ആകെ-7937 | 1323 |
| | | | ആകെ | 10236 | |

കുറവുവന്ന തുക കെട്ടിട ഉടമകളിൽ നിന്നും ഈടാക്കി അറിയിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം 22/02.03.2020 ന് മറുപടിയായി അറിയിച്ചിരുന്നു.

# 1-15 വാടക- അപാകതകൾ പരിഹരിക്കേണ്ടതാണ്

എ)വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്.

2018-19 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം താഴെ പറയും വിധം കുടിശ്ശിക നില നിൽക്കുന്നു. കുടിശ്ശിക തുക എത്രയും പെട്ടെന്ന് തന്നെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

| | |
|---|---|
| തൻവർഷ കുടിശ്ശിക | 1,26,685 |
| മുൻ വർഷങ്ങളിലെ കുടിശ്ശിക | 1,12,451 |
| ആകെ | 2,39,136 |

ബി)വാടകയുമായി ബന്ധപ്പെട്ട ബൈലോ തയ്യാറാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 256-ാം വകുപ്പ് , 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3 (5,6,7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി സർക്കാരിന്റേയോ സർക്കാരിനാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റേയോ അംഗീകാരം ലഭ്യമാക്കേണ്ടതാണ്. സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. 2018-19 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള 21 മുറികളും കമ്മ്യൂണിറ്റി ഹാളും വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട ബൈലോ തയ്യാറാക്കി കാണുന്നില്ല. ബൈലോ തയ്യാറാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടികൾ അറിയിക്കേണ്ടതുമാണ്. കരട് ബൈലോ തയ്യാറാക്കിയിട്ടുണ്ടെന്നും ഭരണസമിതിയുടെ അംഗീകാരം ലഭിച്ചയുടൻ സർക്കാർ അംഗീകാരത്തിന് സമർപ്പിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണം 11/28.02.2020ന് മറുപടിയായി അറിയിച്ചിട്ടുണ്ട്.

# 1-16 വസ്തു നികുതി പിരിവ് ഊർജ്ജിതമാക്കേണ്ടതാണ്

എ)2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വസ്തുനികുതി കുടിശ്ശിക തുകകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. വസ്തു നികുതി പിരിവ് കാര്യക്ഷമമാക്കുവാൻ ശ്രമിക്കേണ്ടതാണ്.

| ക്രമ നം | ഇനം | കുടിശ്ശിക തുക |
|---|---|---|
| 1 | വസ്തുനികുതി ഗാർഹികം(തൻവർഷം) | 3,06,559 |
| 2 | വസ്തുനികുതി ഗാർഹികം(കുടിശ്ശിക) | 3,22,837 |
| 3 | വസ്തുനികുതി ഗാർഹികേതരം(തൻവർഷം) | 1,55,798 |
| 4 | വസ്തുനികുതി ഗാർഹികേതരം(കുടിശ്ശിക) | 3,74,335 |
| | ആകെ | 11,59,529 |

കുടിശ്ശിക തുക ഈടാക്കുവാൻ ഊർജ്ജിതമായ ശ്രമങ്ങൾ നടത്തിയിട്ടുണ്ടെന്നും കൈരളി ആയുർവേദിക് ഹെൽത്ത് റിസോർട്ടിന്റെ നികുതി പുനർ നിർണ്ണയിച്ചതും ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തിയതും മൂലമാണ് കുടിശ്ശിക തുക വരാൻ കാരണമെന്ന് ഓഡിറ്റ് അന്വേഷണം 21/02.03.2020ന് മറുപടിയായി അറിയിച്ചിട്ടുണ്ട്.

# 1-17 ശമ്പള പരിഷ്കരണ കുടിശ്ശിക – പുതുക്കിയ ശമ്പളം അനുസരിച്ചുള്ള പെൻഷൻ കോൺട്രിബ്യൂഷൻ വിഹിതം അടവാക്കേണ്ടതാണ്

സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും സ.ഉ(അച്ചടി)നം.7/2016/ധന തീയതി- 20-01-2016 പ്രകാരം ഉത്തരവായിരുന്നു. ഉത്തരവിലെ ഖണ്ഡിക 48(1) പ്രകാരം 01/07/2014 പ്രാബല്യത്തിൽ പുതുക്കിയ നിരക്കിലുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ധനകാര്യ വകുപ്പിന്റെ 22/3/17-ലെ 16/2017/ഫിൻ നമ്പർ സർക്കുലർ അനുസരിച്ച് 31.1.2016-ൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്നതും 2014 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതുമായ ജീവനക്കാർക്ക് അർഹമായ അടിസ്ഥാന ശമ്പളകുടിശ്ശികയുടെ 15%-ന് തുല്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. ഇതനുസരിച്ചുള്ള പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയത്, പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട ജീവനക്കാരുടെ ഫെബ്രുവരി 2016 മുതൽ പുതിയ നിരക്കിലുള്ള പെൻഷൻ വിഹിതം അടവാക്കിയത് എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-15/28.02.20) ആയത് അടവാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് പഞ്ചായത്ത് മറുപടി സമർപ്പിച്ചിട്ടുണ്ട്.

തൻവർഷം താഴെ പറയുന്ന വൗച്ചറുകൾ മുഖേന ജീവനക്കാർ, സെക്രട്ടറി എന്നിവരുടെ ശമ്പള പരിഷ്കരണ കുടിശ്ശികയുടെ 3, 4 ഗഡുക്കൾ പിൻവലിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം/തീയതി | തുക |
|---|---|---|
| 1 | 21800110/2.05.18 | 40112 – 3-ാം ഗഡു |
| 2 | 21800136/14.05.18 | 30720 – ടി |
| 3 | 21800138/16.05.18 | 106245 – ടി |
| 4 | 21800139/16.05.18 | 60283 – ടി |
| | | |

| | | |
|---|---|---|
| 5 | 21800637/10.10.18 | 190276 – 4-ാം ഗഡു |
| 6 | 21800682/11.10.18 | 38697 – ടി |

നാല് ഗഡുക്കളായി പിൻവലിച്ച അടിസ്ഥാന ശമ്പളകുടിശ്ശികയുടെ 15%-ന് തുല്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട ജീവനക്കാരുടെ ഫെബ്രുവരി 2016 മുതൽ പുതിയ നിരക്കിലുള്ള പെൻഷൻ വിഹിതവും അടവാക്കേണ്ടതതാണ്. തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-18 പൊതുമരാമത്ത് മാനവൽ അനുശാസിക്കുന്ന തരത്തിൽ പിഴ ചുമത്തിയില്ല - പിഴയിനത്തിൽ ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടം

ജി.ഒ.(പി)13/2012/PWD/01-02-2012 പ്രകാരമുള്ള പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 അനുസരിച്ച് പൂർത്തീകരണത്തിനുള്ള കാലാവധി ദീർഘിപ്പിക്കൽ ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം (ഏതാണ് കുറവെങ്കിൽ അത്) അധികരിക്കാവുന്നതല്ല. പരമാവധി ദീർഘിപ്പിച്ചു നൽകാവുന്ന സമയം ഒറിജിനൽ സമയത്തിന്റെ 50% ൽ അധികരിക്കാനും പാടില്ല. ആദ്യത്തെ തവണ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാർ തുകയുടെ (PAC) 1% തുകയും (മിനിമം 1000/- രൂപ, മാക്സിമം 50000/- രൂപ) ആദ്യതവണക്ക് ശേഷം കരാർ തുകയുടെ (PAC) 2% തുകയുമാണ് (മിനിമം 2000/- രൂപ, മാക്സിമം 100000/- രൂപ) പിഴയായി ചുമത്തേണ്ടത്. കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനായി കരാറുകാർ അപേക്ഷ നൽകിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിക്കുകയും ആയതിൽ നിയമാനുസൃത ഫൈനോടുകൂടി എന്ന് അസി.എഞ്ചിനിയർ കുറിപ്പെഴുതിയതായും കാണുന്നു. എങ്കിലും ദീർഘിപ്പിക്കലിന് അനുമതി നൽകിയ പഞ്ചായത്ത് കമ്മിറ്റി തീരുമാനവും ഫയലിനോടൊപ്പം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പിഴ സംബന്ധിച്ച് പുതുക്കിയ പൊതുമരാമത്ത് മാന്വലിൽ അനുശാസിക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കുന്നതിനുപകരം കാലഹരണപ്പെട്ട വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് കരാർ ചമച്ചത്. ആകയാൽ എഗ്രിമെന്റിലെ നിബന്ധന 7 അനുസരിച്ച് പ്രസ്തുത പ്രവൃത്തികൾക്ക് ചുമത്തേണ്ടിയിരുന്ന പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | PAC തുക | കാലാവധി | ചുമത്തേണ്ട പിഴ | ചുമത്തിയ പിഴ | കുറവ് |
|---|---|---|---|---|---|---|
| 1. | 127/19(98/17,132/18) വെറ്ററിനറി ഹോസ്പിറ്റൽ മെയിന്റെനൻസ്<br>കരാറുകാരൻ : സുരേഷ് കുമാർ<br>എഗ്രിമെന്റ് നം.56/ AE/LSGD/kdb/16-17തിയതി. 3-03-17<br>പ്രവൃത്തിയുടെ കാലാവധി : 6 മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി : 3-03-17<br>പൂർത്തീകരിച്ച തീയതി:<br>24-3-18<br>തുക 166569-<br>ബിൽ നം. 4/18-19 തീയതി :29/5/18 | 220347 | 3-09-2017 മുതൽ<br>23-03-2018 വരെ<br>(202 ദിവസം) | 8177 | 1666 | 6511 |
| 2 | 131/19(117/17145/18) കാടാംകോട് അങ്കണവാടി | 287885 | 16-09-2017 മുതൽ<br>6-03-2018 വരെ | 4571 | 2121 | 2450 |

| | | | | | | |
|---|---|---|---|---|---|---|
| | റോഡ് മെറ്റലിംഗ് & ടാറിംങ്<br>കരാറുകാരൻ : ദേവദാസ്.കെ<br>എഗ്രിമെന്റ് നം.63/ AE/LSGD/kdb/16-17തിയതി. 16-03-17<br>പ്രവൃത്തിയുടെ കാലാവധി : 6 മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി:<br>16-3-17<br>പൂർത്തീകരിച്ച തീയതി:<br>07-3-18<br>ബിൽ നം. 9/18-19 തീയതി :29/5/18<br>തുക 212083 | | (142 ദിവസം) | | | |
| 3 | 123/19(69/17,119/18) കരിങ്കരപ്പുള്ളി ശിവക്ഷേത്രം റോഡ് കോൺക്രീറ്റിംങ്<br>കരാറുകാരൻ : ദേവദാസ്.കെ<br>എഗ്രിമെന്റ് നം.62/ AE/LSGD/kdb/16-17തിയതി. 16-03-17<br>പ്രവൃത്തിയുടെ കാലാവധി : 6 മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി : 16-03-17<br>പൂർത്തീകരിച്ച തീയതി:<br>22-3-18<br>തുക 246592<br>ബിൽ നം. 13/18-19 തീയതി :29/5/18 | 247317 | 16-09-2017 മുതൽ<br>21-03-2018 വരെ<br>(187 ദിവസം) | 7804 | 2466 | 5338 |
| 4 | 125/19(75/17) പലയംകാട് തെക്കുമുറി റോഡ് മെറ്റലിംങ്& ടാറിംങ്<br>കരാറുകാരൻ : ശശി.ജി<br>എഗ്രിമെന്റ് നം.58/ AE/LSGD/kdb/16-17തിയതി. 13-03-17<br>പ്രവൃത്തിയുടെ കാലാവധി : 6 മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി : 13-03-17<br>പൂർത്തീകരിച്ച തീയതി: | 247597 | 13-09-2017 മുതൽ<br>26-03-2018 വരെ<br>(164ദിവസം) | 6548 | 2500 | 4048 |

| | | | | | | |
|---|---|---|---|---|---|---|
| | 27-3-18<br>തുക 250000<br>ബിൽ നം. 14/18-19 തീയതി :29/5/18 | | | | | |
| 5 | 124/19(74/17) പിലാക്കാട് റോഡ് മെറ്റലിംങ് & ടാറിംങ്<br>കരാറുകാരൻ : ശശി.ജി<br>എഗ്രിമെന്റ് നം.59/ AE/LSGD/kdb/16-17തിയതി. 13-03-17<br>പ്രവൃത്തിയുടെ കാലാവധി : 6 മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി : 13-09-17<br>പൂർത്തീകരിച്ച തീയതി:<br>31-3-18<br>തുക 249284-<br>ബിൽ നം. 15/18-19 തീയതി :29/5/18 | 247383 | 13-09-2017 മുതൽ<br>31-03-2018 വരെ<br>(200 ദിവസം) | 8521 | 2493 | 6028 |
| 6 | 135/19(127/17,154/18) കരിപ്പാലി കനാൽബണ്ട് റോഡ് മെറ്റലിംങ്&ടാറിംങ്<br>കരാറുകാരൻ : കൃഷ്ണൻകുട്ടി<br>എഗ്രിമെന്റ് നം.30/ AE/LSGD/kdb/16-17തിയതി. 20-02-17<br>പ്രവൃത്തിയുടെ കാലാവധി : 6 മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി : 20-02-17<br>പൂർത്തീകരിച്ച തീയതി:<br>11-5-18<br>തുക 163600-<br>ബിൽ നം. 19/18-19 തീയതി :29/5/18 | 172858 | 20-08-2017 മുതൽ<br>11-05-2018 വരെ<br>(265 ദിവസം) | 8451 | 3272 | 5179 |
| 7 | 129/19(112/17,140/18) പരക്കാട്ടുകളം റോഡ് മെറ്റലിംങ് & ടാറിംങ്<br>കരാറുകാരൻ : കൃഷ്ണൻകുട്ടി<br>എഗ്രിമെന്റ് നം.32/ AE/LSGD/kdb/16-17തിയതി. 20-02-17<br>പ്രവൃത്തിയുടെ കാലാവധി : 6 മാസം | 248500 | 20-08-2017 മുതൽ<br>16-05-2018 വരെ<br>(182 ദിവസം) | 12425 | 4994 | 7431 |

| | | | | | | |
|---|---|---|---|---|---|---|
| | പ്രവൃത്തി ആരംഭിച്ച തീയതി : 20-02-17<br>പൂർത്തീകരിച്ച തീയതി:<br>17-5-18<br>തുക 249694-<br>ബിൽ നം.17/18-19 തീയതി :29/5/18 | | | | | |
| 8 | 158/19 (60/18) വാതുവൻപാറ റോഡ് മെറ്റലിംങ് & ടാറിംങ്<br>കരാറുകാരൻ : കൃഷ്ണൻകുട്ടി<br>എഗ്രിമെന്റ് നം.69/ AE/LSGD/kdb/17-18തീയതി. 18-01-18<br>പ്രവൃത്തിയുടെ കാലാവധി : 31-03-2018<br>പ്രവൃത്തി ആരംഭിച്ച തീയതി : 18-01-18<br>പൂർത്തീകരിച്ച തീയതി:<br>17-5-18<br>തുക 449012-<br>ബിൽ നം. 16/18-19 തീയതി :29/5/18 | 449047 | (ഗ്രേസ് പിരിയഡ്-01-04-2018-മുതൽ 15-04-18 വരെ)<br>16-04-18 മുതൽ<br>16-05-2018 വരെ<br>(31 ദിവസം) | 1547 | 0 | 1547 |
| 9 | 162/19 (68/18) കൊട്ടുമ്പ് മലയൻസന്ത് റോഡ് കോൺക്രീറ്റിംങ്<br>കരാറുകാരൻ : ശിവദാസ്.പി.കെ<br>എഗ്രിമെന്റ് നം.72/ AE/LSGD/kdb/17-18തീയതി. 25-1-18<br>പ്രവൃത്തിയുടെ കാലാവധി : 31-03-2018<br>പ്രവൃത്തി ആരംഭിച്ച തീയതി :<br>25-1-18<br>പൂർത്തീകരിച്ച തീയതി:<br>19-11-18<br>തുക 425000-<br>ബിൽ നം. 39/18-19 തീയതി :23/11/18 | 422120 | (ഗ്രേസ് പിരിയഡ്-01-04-2018-മുതൽ 13-04-18 വരെ)<br>14-04-18 മുതൽ<br>18-11-2018 വരെ<br>(219ദിവസം) | 14633 | 8500 | 7933 |
| 10 | 225/19 (115/17,143/18) തിരുവാലത്തൂർ കിഴക്കേനട റോഡ് റീടാറിംങ്<br>കരാറുകാരൻ : ശിവദാസ്.പി.കെ | 399917 | 22-08-17 മുതൽ<br>23-12-2018 വരെ<br>(490ദിവസം) | 39546 | 12000 | 27546 |

| | | | | | | |
|---|---|---|---|---|---|---|
| | എഗ്രിമെന്റ് നം.47/ AE/LSGD/kdb/16-17തിയതി. 22-2-17<br>പ്രവൃത്തിയുടെ കാലാവധി : 6 മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി :<br>22-2-17<br>പൂർത്തീകരിച്ച തീയതി:<br>24-12-18<br>തുക 400000-<br>ബിൽ നം. 59/18-19 തീയതി :31/12/18 | | | | | |
| 11 | 153/19 (42/18) കുന്നകാട് റോഡ് സൈഡ് കെട്ടൽ & കോൺക്രീറ്റിംങ്<br>കരാറുകാരൻ : ശിവദാസ്.പി.കെ<br>എഗ്രിമെന്റ് നം.71/ AE/LSGD/kdb/17-18തിയതി. 25-1-18<br>പ്രവൃത്തിയുടെ കാലാവധി : 31-03-2018<br>പ്രവൃത്തി ആരംഭിച്ച തീയതി :<br>25-1-18<br>പൂർത്തീകരിച്ച തീയതി:<br>05-11-18<br>തുക 300000-<br>ബിൽ നം. 60/18-19 തീയതി :31/12/18 | 297529 | (ഗ്രേസ് പിരിയഡ്-01-04-2018-മുതൽ 13-04-18 വരെ)<br>14-04-18 മുതൽ<br>04-11-2018 വരെ<br>(215ദിവസം) | 10578 | 6000 | 4578 |
| 12 | 160/19 (66/18) ആശാരിത്തറ മെറ്റലിംങ് &ടാറിംങ്<br>കരാറുകാരൻ : സുന്ദരൻ.കെ<br>എഗ്രിമെന്റ് നം.68/ AE/LSGD/kdb/17-18തിയതി. 11-1-18<br>പ്രവൃത്തിയുടെ കാലാവധി : 31-03-2018<br>പ്രവൃത്തി ആരംഭിച്ച തീയതി :<br>11-1-18<br>പൂർത്തീകരിച്ച തീയതി:<br>15-12-18 | 191815 | (ഗ്രേസ് പിരിയഡ്-01-04-2018-മുതൽ 16-04-18 വരെ)<br>17-04-18 മുതൽ<br>14-12-2018 വരെ<br>(242ദിവസം) | 8397 | 4000 | 4397 |

| | | | | | | |
|---|---|---|---|---|---|---|
| | തുക 200000-<br><br>ബിൽ നം. 61/18-19 തീയതി :31/12/18 | | | | | |
| 13 | 166/19 (78/18) വളപ്പറോഡ് മെറ്റലിംങ് &ടാറിംങ്<br><br>കരാറുകാരൻ : കൃഷ്ണൻകുട്ടി<br><br>എഗ്രിമെന്റ് നം.59/ AE/LSGD/kdb/17-18തിയതി. 16-12-17<br><br>പ്രവൃത്തിയുടെ കാലാവധി : 8 മാസം<br><br>പ്രവൃത്തി ആരംഭിച്ച തീയതി :<br><br>16-12-17<br><br>പൂർത്തീകരിച്ച തീയതി:<br><br>22-1-19<br><br>തുക 194498-<br><br>ബിൽ നം. 64/18-19 തീയതി :11/3/19 | 194404 | 16-08-18 മുതൽ<br><br>21-1-2019 വരെ<br><br>(160ദിവസം) | 4968 | 3890 | 1078 |
| 14 | 160/19 (66/18) സൌപർണ്ണികാ റോഡ് മെറ്റലിംങ് &ടാറിംങ്<br><br>കരാറുകാരൻ : കൃഷ്ണൻകുട്ടി<br><br>എഗ്രിമെന്റ് നം.60/ AE/LSGD/kdb/17-18തിയതി. 16-12-17<br><br>പ്രവൃത്തിയുടെ കാലാവധി : 8 മാസം<br><br>പ്രവൃത്തി ആരംഭിച്ച തീയതി :<br><br>16-12-2017<br><br>പൂർത്തീകരിച്ച തീയതി:<br><br>30-1-19<br><br>തുക 175505<br><br>ബിൽ നം. 66/18-19 തീയതി :6/2/19 | 198477 | 16-08-18 മുതൽ<br><br>30-1-2019 വരെ<br><br>(167ദിവസം) | 5381 | 3510 | 1871 |
| | | | ആകെ | | | 85935 |

പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകുമ്പോൾ പിഴ ചുമത്തുന്ന രീതി പുതുക്കിയ പൊതുമരാമത്ത് മാന്വലിൽ അനുശാസിക്കുന്ന തരത്തിൽ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്യാതിരുന്നതിനും, ഉഭയകക്ഷി കരാറിലെ 7ാമത്തെ നിബന്ധന പ്രകാരം പിഴ വസൂലാക്കാതിരുന്നതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(നം23 തിയതി.2-3-2020) ലഭ്യമാക്കിയ മറുപടിയിൽ നിയമാനുസരണം തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കരാറുകാരിൽ നിന്നും മേൽപ്രകാരം പിഴ ഈടാക്കി പഞ്ചായത്തു ഫണ്ടിൽ അടവാക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-19 മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിന്ന ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതാണ് . പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 21 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2018-19 വർഷത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ടെണ്ടർഭരണ സമിതി അംഗീ കരിച്ച തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രി മെന്റ് വെച്ച തിയതി, നം. | ഈടാ ക്കേ ണ്ടിയി രുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | 27/19(98/17,132/18) വെറ്ററിനറി ഹോസ്പിറ്റൽ മെയിന്റെനൻസ് കരാറുകാരൻ : സുരേഷ് കുമാർ അടങ്കൽ=166569- ചെലവ് =116569 ബിൽ നം. 4/18-19 തീയതി :29/5/18 കരാർ തുക-220347 | 28-01-2017 തീരുമാനം 5(1) | 17-02-2017 | എഗ്രിമെന്റ് നം.56/ AE/ LSGD/kdb/16-17 തിയതി. 3-03-17 | 2203 |
| 2 | 139/19(96/17,168/18) IPP സെന്റർ അറ്റകുറ്റപ്പണികൾ- തക്കറിശ്ശി &അമ്പലപ്പറമ്പ് കരാറുകാരൻ : സുരേഷ് കുമാർ അടങ്കൽ=300000 ചെലവ് = 232106 ബിൽ നം. 5/18-19 തീയതി :29/5/18 കരാർ തുക-269594 | 28-01-2017 തീരുമാനം 5(1) | 17-02-2017 | എഗ്രിമെന്റ് നം.57/ AE/LSGD/kdb/16-17 തിയതി. 3-03-17 | 2696 |
| 3 | 125/19(75/17,) പലയംകാട്-തെക്കുമുറി റോഡ് മെറ്റലിംങ് & ടാറിംങ് കരാറുകാരൻ : ശശി.ജി | 28-01-2017 തീരുമാനം 5(1) | 28-01-2017 തീരുമാനം 5(1) | എഗ്രിമെന്റ് നം.58/ AE/LSGD/kdb/16-17 തിയതി. 13-03-17 | 2476 |

| | | | | | |
|---|---|---|---|---|---|
| | അടങ്കൽ=250000 ചെലവ് = 250000 ബിൽ നം. 14/18-19 തീയതി :29/5/18 കരാർ തുക-247597 | | | | |
| 4 | 124/19(74/17) പിലാക്കാട് റോഡ് മെറ്റലിംങ്& ടാറിംങ് കരാറുകാരൻ : ശശി.ജി അടങ്കൽ250000 ചെലവ് = 249284 ബിൽ നം. 15/18-19 തീയതി :19/5/18 കരാർ തുക-247383 | 28-01-2017 തീരുമാനം 5(1) | 28-01-2017 തീരുമാനം 5(1) | എഗ്രിമെന്റ് നം.59/ AE/LSGD/kdb/16-17 തിയതി. 13-03-17 | 2474 |
| 5 | 153/19(42/18) കുന്നുകാട് റോഡ് സൈഡ് കെട്ടൽ,കോൺക്രീറ്റ കരാറുകാരൻ : ശിവദാസ്.PK അടങ്കൽ=300000 ചെലവ് = 300000 ബിൽ നം. 60/18-19 തീയതി :31/12/18 കരാർ തുക-269594 | 28-01-2017 തീരുമാനം 5(1) | 28-01-2017 തീരുമാനം 5(1) | എഗ്രിമെന്റ് നം.57/ AE/LSGD/kdb/16-17 തിയതി. 3-03-17 | 2696 |
| | | | ആകെ | | 12545 |

കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കാതിരുന്നതിന് കാരണം ബോധിപ്പിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.25തിയതി.3-32020) ലഭ്യമാക്കിയ മറുപടിയിൽ ചട്ടപ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. കരാറുകാരിൽ നിന്നും 12545/- രൂപ പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-20 റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും ബാരൽ വില ഈടാക്കിയില്ല - പഞ്ചായത്ത് ഫണ്ടിന് 7761/-രൂപയുടെ നഷ്ടം

2018-19 വർഷത്തിൽ ഫൈനൽ ബിൽ തുക നൽകിയിട്ടുള്ള താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല. ടാറിങ്ങ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ഡ് ബിറ്റുമെൻ റേറ്റാണ് ഉൾപ്പെടുത്തിയിരുന്നത്. കാലി ബാരൽ ഒന്നിന് 238 രൂപയും 18% GST ഉൾപ്പടെ ആകെ281 രൂപ ഈടാക്കേണ്ടിതായിരുന്നു. ബാരൽ വില ഈടാക്കാതിരുന്നതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ 7761രൂപയുടെ നഷ്ടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉപയോഗിച്ച ബിറ്റുമിന്റെ ബാരൽ അളവ് | ss1 (182kg/barrel) | rs1 (200kg/barrel) | s-65/vg30 (162kg/barrel) |
|---|---|---|---|

| ക്രമ നം. | പ്രവൃത്തി യുടെ പേര് | കരാറു കാ രന്റെ പേര് , എം ബുക്ക് നം | ഫൈനൽ ബിൽ തുക, ചെല വിന്റെ വിവരം | ഉപ യോഗിച്ച ബിറ്റുമിന്റെ തരം, അളവ് (in kg) | കാലി ബാരലു കളുടെ എണ്ണം | ആകെ | ഈടാ ക്കേണ്ട ബാരൽ വില @281/- (238+ 18% GST) |
|---|---|---|---|---|---|---|---|
| 1 | 135/19- | ശ്രീ. | 163600 | Ss1= | 1.05 | 4.29 | 1205 |

| | | | | | | | |
|---|---|---|---|---|---|---|---|
| | (127/17, 154/18) കരിപ്പാലി കനാൽ ബണ്ട് റോഡ് മെറ്റലിംങ്& ടാറിംങ് | കൃഷ്ണൻകുട്ടി 45/17-18 | ബിൽനം. 19/18-19 തിയതി. 29.05.18 | 191.25 Rs1= 61.87 vg30= 474.75 | 0.31 2-93 | | |
| 2 | 157/19-(54/18) കരിങ്കരപ്പുള്ളി റൈസ്മിൽ റോഡ് മെറ്റലിംങ്& ടാറിംങ് | ശ്രീ. കൃഷ്ണൻകുട്ടി 44/17-18 | 225000 ബിൽനം. 18/18-19 തിയതി. 29.05.18 | Ss1= 321.30 Rs1= 103.95 vg30= 797.58 | 1.77 0.52 4.92 | 7.21 | 2026 |
| 3 | 129/19-(112/17, 140/18) പരക്കാട്ടുകളം റോഡ് മെറ്റലിംങ്& ടാറിംങ് | ശ്രീ. കൃഷ്ണൻ കുട്ടി 42/17-18 | 249694 ബിൽനം. 17/18-19 തിയതി. 29.05.18 | Rs1= 126.02 vg30= 966.91 | 0.63 5.97 | 6.6 | 1855 |
| 4 | 135/19-(127/17, 154/18) സോനാമിൽ കോട്ടാനി റോഡ് മെറ്റലിംങ്& ടാറിംങ് | ശ്രീ .ശിവദാസ്. പി.കെ 61 & 66/18-19 | 370000 വൌച്ചർനം. 21801175 തിയതി. 14.03.19 | Ss1= 434.35 Rs1= 136.51 vg30= 1047.40 | 2.38 0.68 6.46 | 9.52 | 2675 |
| | ആകെ | | | | | 27.62 | 7761 (6574+1187) |

ഫൈനൽ ബിൽ നല്കുന്ന വേളയിൽ കരാറുകാരനിൽ നിന്ന് ബാരൽ വില ഈടാക്കാതിരുന്ന നടപടിക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 24 തിയതി.02-03-2020) ലഭ്യമാക്കിയ മറുപടിയിൽ ചട്ടങ്ങൾ പാലിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ബാരൽ വില ഈടാക്കി ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തിരിച്ചടയ്ക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-21 കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ് - പഞ്ചായത്തിന്റെ അധിക ബാദ്ധ്യത ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് നിലവിൽ 4 കുടിവെള്ളപദ്ധതികൾ താഴെ പറയുന്ന വാർഡുകളിൽ നേരിട്ട് നടത്തിവരുന്നു.

| പദ്ധതി | വാർഡ് |
|---|---|
| പാവോടി കുടിവെള്ള പദ്ധതി | 7, 8 |
| കനാൽ കുടിവെള്ള പദ്ധതി | 2, 3, 14, 15 |
| ആറ്റിങ്ങൽ കുടിവെള്ള പദ്ധതി | 14, 15 |
| ചെവിടൻകാവ് കുടിവെള്ള പദ്ധതി | 1, 15 |

ഗാർഹിക, ഗാർഹികേതര കണക്ഷനുകൾ

| | |
|---|---|
| ഗാർഹികം | 841 |
| ഗാർഹികേതരം | 7 |
| പൊതുടാപ്പുകൾ | 26 |

ഗാർഹിക ഉപഭോക്താക്കളിൽ നിന്നും പ്രതിമാസം 50 രൂപയും ഗാർഹികേതര ഉപഭോക്താക്കളിൽ നിന്നും 150 രൂപ നിരക്കിലുമാണ് വെള്ളക്കരം ഈടാക്കുന്നത്.

സാമ്പത്തിക വർഷത്തെ വെള്ളക്കര കളക്ഷൻ, കുടിശ്ശിക എന്നിവയുടെ വിവരം

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| കുടിശ്ശിക | 701500 | 72875 | 628625 |
| തൻവർഷം | 402750 | 247290 | 155460 |
| ആകെ | 1104250 | 320165 | 784085 |

കുടിശ്ശിക ഈടാക്കുന്നതിന് പഞ്ചായത്ത് സ്വീകരിക്കുന്ന നടപടികൾ -(ഓഡിറ്റ് അന്വേഷണത്തിന് (നം - 2/24.02.20) പഞ്ചായത്ത് സമർപ്പിച്ച മറുപടി പ്രകാരം) കുടിശ്ശിക ഒടുക്കാത്ത ഗുണഭോക്താക്കൾക്ക് നോട്ടീസ് നൽകി കുടിശ്ശിക പിരിച്ച് വരുന്നു. ഒടുക്കാത്ത ഗുണഭോക്താക്കളുടെ കണക്ഷൻ വിച്ഛേദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പദ്ധതികളുടെ സാമ്പത്തിക വർഷത്തെ നടത്തിപ്പ് ചെലവ് വിവരം

| | |
|---|---|
| വാർഷിക അറ്റകുറ്റപണി | 258397 |
| പമ്പ് ഓപ്പറേറ്റർമാരുടെ വേതനം | 200000 |
| വൈദ്യുതി ചാർജ്ജ് | 439941 |
| ആകെ | 898338/- |

വരവിന്റെ ഇരട്ടിയിൽ കൂടുതൽ തുക പദ്ധതികളുടെ നടത്തിപ്പിനായി ചെലവിടുന്നുണ്ട്. കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ് പഞ്ചായത്തിന്റെ തനത് ഫണ്ടിന് ബാദ്ധ്യത സൃഷ്ടിക്കുന്നുണ്ട്.

സ.ഉ(സാധാ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പരിപാലിക്കുന്നതും ജല അതോറിറ്റിയിൽ നിന്ന് കൈമാറിക്കിട്ടിയതുമായ കുടിവെള്ള വിതരണ പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും നിർദ്ദേശം പാലിച്ചിട്ടില്ല. കുടിവെള്ള വിതരണ പദ്ധതികളുടെ വെള്ളക്കരം ഇനത്തിലെ വരവും ചെലവും തമ്മിൽ വലിയ അന്തരം നിലനിൽക്കുകയും സ്ഥാപനങ്ങളുടെ ധനസ്ഥിതിയെ സാരമായി ബാധിക്കുകയും ചെയ്തിട്ടും പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നതിനുള്ള ശ്രമം ഉണ്ടാകുന്നില്ല.

വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പൊതുടാപ്പുകളുടെ വിവരം

വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പൊതുടാപ്പുകൾ നിലവിലില്ല.

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ വിവരം

സാമ്പത്തിക വർഷം 11 പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കരാർ വെച്ച് കൈമാറിയിട്ടുണ്ട്. ഗുണഭോക്തൃ സമിതികൾ മുഖേന 15 വാർഡുകളിലുമായി 65 പദ്ധതികൾ നടപ്പാക്കി വരുന്നു. ഇവയുടെ അറ്റകുറ്റപണികൾക്കായി തൻവർഷം 1 ലക്ഷത്തിലേറെ തുക ചെലവഴിച്ചിട്ടുണ്ട്. വൗച്ചറുകൾ പരിശോധിച്ചതിൽ പദ്ധതികളുടെ ഭാഗമായ പൈപ്പ് ലൈൻ റിപ്പയറിന് 5000/-രൂപയ്ക്കകത്തുള്ള ചെലവുകൾ പോലും പഞ്ചായത്താണ് നിർവ്വഹിച്ചിട്ടുള്ളത്.

കുടിവെള്ളപദ്ധതികളുടെ അറ്റകുറ്റപണി - വാർഷിക കരാർ

സാമ്പത്തിക വർഷം കുടിവെള്ളപദ്ധതികളുടെ അറ്റകുറ്റപണികൾക്ക് അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി (പ്രൊജക്ട് നം - 21/19) തനത് ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ വകയിരുത്തിയെങ്കിലും പദ്ധതി നടപ്പാക്കിയിട്ടില്ല. പഞ്ചായത്ത് നേരിട്ട് നടത്തുന്ന കുടിവെള്ളപദ്ധതികളുടെ അറ്റകുറ്റപണികൾക്ക് സാമ്പത്തിക വർഷം 258397/-രൂപയും, ഗുണഭോക്തൃ സമിതികൾ മുഖേന നടത്തുന്നവയുടെ അറ്റകുറ്റപണികൾക്ക് 1 ലക്ഷത്തിലേറെ രൂപയും തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. ഓരോ തവണയും ക്വട്ടേഷൻ ക്ഷണിച്ച് അറ്റകുറ്റപണി നടത്തുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. പദ്ധതിക്ക് തുക വകയിരുത്തിയതനുസരിച്ച് വാർഷിക കരാറിന്റെ അടിസ്ഥാനത്തിൽ ചെലവുകൾ നിർവ്വഹിച്ചിട്ടില്ല.

<u>ജലസംരക്ഷണ പരിപാടികൾ</u>

പഞ്ചായത്തിലെ പരമ്പരാഗത ജലസ്രോതസ്സുകളുടെ വിവരം തയ്യാറാക്കിയിട്ടുണ്ട്.തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

<u>കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ് - ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. സ.ഉ (സാധാ) നം 1275/2009/ ത.സ്വ.ഭ.വ തീയ്യതി 30.05.2009 -കുടിവെള്ള പദ്ധതികൾ - നടത്തിപ്പ് സംരക്ഷണത്തിലെ നിർദ്ദേശങ്ങളനുസരിച്ച് പഞ്ചായത്ത് നേരിട്ട് നടത്തിവരുന്ന കുടിവെള്ളപദ്ധതികൾ പരമാവധി ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കേണ്ടതാണ്.

2. 13-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്)11/2018 ത.സ്വ.ഭ.വ തീയതി 29.01.2018 ലെ (അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ) നിർദ്ദേശങ്ങളനുസരിച്ച് കുടിവെള്ള പ്രൊജക്ടുകൾ മുഖേന പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തിയുള്ള ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്. നിർമ്മാണം പൂർത്തിയായ പദ്ധതികളുടെ (പൊതു വിഭാഗം) തുടർ നടത്തിപ്പ് ഗുണഭോക്തൃ ഗ്രൂപ്പ് തന്നെ ഏറ്റെടുക്കേണ്ടതാണ്. അങ്ങനെ ഏറ്റെടുക്കാമെന്ന കരാറിൽ ഏർപ്പെട്ട ശേഷം മാത്രമാണ് പ്രവർത്തിയുടെ നിർവ്വഹണം ആരംഭിക്കാവുന്നത്.

3. കുടിവെള്ളപദ്ധതികളുടെ അറ്റകുറ്റപണിക്ക് ബജറ്റിൽ തുക വകയിരുത്തുന്നതിനനുസരിച്ച് വാട്ടർ അതോറിറ്റിയുടെ നിരക്കിൽ അധികരിക്കാതെ പ്രൊജക്ട് തയ്യാറാക്കി വാർഷിക കരാർ മുഖേന നിർവ്വഹിക്കേണ്ടതാണ്. അടിയന്തിര ഘട്ടങ്ങളിൽ പോലും അപ്പപ്പോൾ ക്വട്ടേഷൻ ക്ഷണിച്ച് അറ്റകുറ്റപണി നടത്തുന്ന രീതി ഒഴിവാക്കേണ്ടതാണ്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 22/2018/ത.സ്വ.ഭ.വ തീയതി 14.02.18 അനുസരിച്ച് 50000/-രൂപയിൽ അധികരിച്ച് വരുന്ന ചെലവുകൾ തദ്ദേശ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

4. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനോടൊപ്പം ജലസംരക്ഷണ പരിപാടികൾക്കും ഊന്നൽ നൽകി ജല വിഭവ സംരക്ഷണ പ്രൊജക്ടുകൾ ഹരിതമിഷനുമായി സംയോജിപ്പിച്ച് നടപ്പിലാക്കേണ്ടതാണ്. സുജലം പദ്ധതിയിലൂടെ കുളങ്ങൾ, തോടുകൾ എന്നിവ ശുചിയാക്കുന്നതിന് സംയുക്ത പദ്ധതികൾ തയ്യാറാക്കാവുന്നതും, ജലാശയ പരിപാലന സമിതി പഞ്ചായത്തിൽ രൂപീകരിക്കാവുന്നതുമാണ്.

5. കിണർ സർവേ നടത്തി വേനൽക്കാലങ്ങളിൽ സ്ഥിരമായി വറ്റുന്ന കിണറുകൾ തുടങ്ങിയ ഘടകങ്ങൾ പരിഗണിച്ച് കിണർ/ബോർവെൽ റീചാർജിംഗ് പ്രവർത്തനങ്ങൾ നടത്തുക.

6. മഴവെള്ള സംഭരണികൾ നിർമ്മിക്കുകയും മഴക്കുഴി പോലുള്ള പ്രവൃത്തികൾ നടത്തുകയും ചെയ്യുക.

7.സ്വന്തമായി കിണർ റീചാർജ് ചെയ്യുവാൻ ജനങ്ങളെ പ്രോൽസാഹിപ്പിക്കുകയും ആവശ്യമായ സാങ്കേതിക സഹായം നൽകുകയും ചെയ്യുക.

മേൽ വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പിന്റെ (കുടിവെള്ളം, ശുചിത്വം) പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-22 തെരുവ് വിളക്ക് പരിപാലനം

തെരുവ് വിളക്ക് പരിപാലിക്കുന്നതിന്റെ ഭാഗമായി ആകെ 4 ഇലക്ട്രിക്കൽ സെക്ഷനുകളിൽ സാമ്പത്തിക വർഷം അടവാക്കിയ ശരാശരി വൈദ്യുതി ചാർജ്ജിന്റെ വിവരം താഴെ ചേർക്കുന്നു.

| ഇലക്ട്രിക്കൽ സെക്ഷൻ | വൈദ്യുതി ചാർജ്ജ് |
|---|---|
| സുൽത്താൻപേട്ട | 560000 |

| | |
|---|---|
| പുതുനഗരം | 51500 |
| ചിറ്റൂർ | 208000 |
| എലപ്പുള്ളി | 92000 |
| ആകെ | 911500/- |

മീറ്ററിങ്ങ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സുൽത്താൻപേട്ട, ചിറ്റൂർ സെക്ഷനുകളിൽ ഒന്നു വീതം കൺസ്യൂമർ നമ്പറുകൾ മീറ്ററിങ്ങ് ചെയ്യാൻ ബാക്കിയുണ്ട്. ഓരോ മീറ്ററിങ്ങ് പോയിന്റിനും പ്രത്യേകം കൺസ്യൂമർ നമ്പറുണ്ട്.

<u>കെ.എസ്.ഇ.ബി യുമായുള്ള സംയുക്ത പരിശോധന</u>

കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തി വാർഡ് തിരിച്ചുള്ള പോസ്റ്റുകളുടെ എണ്ണം, തെരുവ് വിളക്കുകളുടെ തരം എന്നിവ തിട്ടപ്പെടുത്തിയിട്ടില്ല.

<u>തെരുവ് വിളക്ക് സ്ഥാപിക്കൽ</u>

തൻ വർഷം പദ്ധതികളൊന്നും തന്നെ നടപ്പാക്കിയിട്ടില്ല.

<u>തെരുവ് വിളക്ക് അറ്റകുറ്റപണി</u>

തൻ വർഷം തെരുവ് വിളക്ക് അറ്റകുറ്റപണിക്ക് തനത് ഫണ്ടിൽ നിന്ന് 10 ലക്ഷം രൂപ വകയിരുത്തി 999183/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിക്കായി 23.04.18 ന് ഇ-ടെണ്ടർ ക്ഷണിച്ചതിന്റെ പ്രൈസ് ഷെഡ്യൂൾ പരിശോധിച്ചതിൽ വൈദ്യുതി ഉപഭോഗം കൂടുതലുള്ള ഓർഡിനറി ബൾബുകൾ, ഫ്ലൂറസന്റ് ട്യൂബ്, സി.എഫ്.എൽ എന്നിവയുടെ അറ്റകുറ്റപണികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സി.എഫ്.വിളക്കുകൾ മാറ്റി എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിച്ചിട്ടുമുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. വൈദ്യുതി ഉപഭോഗം കൂടുതലുള്ള ഓർഡിനറി ബൾബുകൾ, ഫ്ലൂറസന്റ് ട്യൂബ് തുടങ്ങിയവ ഒഴിവാക്കി LED വിളക്കുകൾ സ്ഥാപിക്കുകയാണെങ്കിൽ വൈദ്യുതി ചാർജ് ഗണ്യമായി കുറക്കാവുന്നതാണ്.

2. പഴയ വിളക്കുകൾ മാറ്റുന്നതനുസരിച്ച് അവ സ്റ്റോക്കിലെടുത്ത് മൂല്യം നിർണ്ണയിക്കേണ്ടതാണ്. ഏതെല്ലാം ഇലക്ട്രിക്ക് പോസ്റ്റുകളിലാണ് വിളക്കുകൾ മാറ്റിയിട്ടുള്ളത് എന്ന വിവരം സ്ഥാപനം ലഭ്യമാക്കുന്നതിനായി കരാറിൽ വ്യവസ്ഥ ചെയ്യേണ്ടതാണ്.

3. തെരുവ് വിളക്കുകളുടെ വാർഷിക റിപ്പയറിൽ വാറണ്ടിയുള്ള വിളക്കുകൾ ഉൾപ്പെടാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>തെരുവ് വിളക്ക് പരിപാലനം - രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കൃത്യമാക്കേണ്ടതാണ്</u>

പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമ ഉത്തരവ് നം- ജി2-44274/2015 /17.08.2015 അനുസരിച്ച് തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച നിർദ്ദേശങ്ങൾ പാലിക്കേണ്ടതും ഗ്രാമപഞ്ചായത്തിൽ അവശ്യം തയ്യാറാക്കേണ്ട താഴെ പറയുന്ന രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

1. സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ വാർഡ് തിരിച്ചുള്ള ഇലക്ട്രിക്ക് പോസ്റ്റുകളുടെ എണ്ണം, തെരുവ് വിളക്കുകളുടെ തരം എന്നീ വിവരങ്ങളടങ്ങിയ ആസ്തി രജിസ്റ്റർ

2. പരാതി രജിസ്റ്റർ - അറ്റകുറ്റപണിയുടെ ആവശ്യകത പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

3. സാധന സാമഗ്രികൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. നിലവിൽ എല്ലാ സ്റ്റോക്കുകൾക്കും കൂടെ ഒരു രജിസ്റ്ററാണ് സൂക്ഷിച്ചിട്ടുള്ളത്. സ.ഉ (സാധാ) നം 2238/2016/ത.സ്വ.ഭ.വ തീയതി 25.07.16 പ്രകാരം സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ performance guarantee യുടെ വിശദാംശങ്ങളും രേഖപ്പെടുത്തേണ്ടതാണ്.

4. രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് - കേടായ സാമഗ്രികൾ അതാത് ദിവസം തന്നെ പഞ്ചായത്തിൽ കൊണ്ടുവന്ന് ടി രജിസ്റ്ററിൽ ചേർക്കേണ്ടതും, സാമ്പത്തിക വർഷാവസാനം സ്റ്റോക്ക് ഇൻ രജിസ്റ്ററും, സ്റ്റോക്ക് ഔട്ട് രജിസ്റ്ററും പൊരുത്തപ്പെടുത്തേണ്ടതുമാണ്.

തെരുവ് വിളക്ക് പരിപാലനത്തിൽ ആയതിന്റെ ചുമതലയുള്ള വർക്കിങ്ങ് ഗ്രൂപ്പ്, ബന്ധപ്പെട്ട സ്റ്റാൻഡിങ്ങ് കമ്മറ്റികൾ എന്നിവരുടെ ഇടപെടലുകൾ കാര്യക്ഷമമാക്കേണ്ടതുണ്ട്.

# 1-23 എ.ബി.സി പദ്ധതി - ചെലവിന്റെ വിനിയോഗ വിവരം ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണം - സെക്രട്ടറി

പ്രൊജക്ട് നം - 228/19

അടങ്കൽ - 350000 – (തനത് ഫണ്ട്)

ചെലവ് - 350000

വൗച്ചർ നം - 21800667/10.10.18

എ.ബി.സി (തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണം) പദ്ധതിക്കായി സാമ്പത്തിക വർഷം തനത് ഫണ്ടിൽ നിന്ന് 350000/- രൂപ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. (അക്കൗണ്ട് നം - 799011400002200, ജില്ലാ ട്രഷറി, പാലക്കാട്). ആയതിന്റെ വിനിയോഗ വിവരം ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭ്യമായിട്ടില്ല. ചെലവ് തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കി അറിയിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം - 16/28.02.20 ) പഞ്ചായത്ത് മറുപടി സമർപ്പിച്ചിട്ടുണ്ട്.

# 1-24 ഡെപ്പോസിറ്റ് പ്രവർത്തിയുടെ പൂർത്തീകരണ വിവരം/ചെലവ് തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവർത്തിയുടെ പൂർത്തീകരണ വിവരം/ചെലവ് തുകകളുടെ വിനിയോഗം എന്നിവ ലഭ്യമായിട്ടില്ല. പദ്ധതിയുടെ വിശദവിവരം താഴെ ചേർക്കുന്നു.

നിർവ്വഹണം - സെക്രട്ടറി

പ്രൊജക്ട് നം - 112/19 – വിവിധ വാർഡുകളിൽ ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കൽ

അടങ്കൽ - 377896

| നിർവ്വഹണ ഏജൻസി | ചെലവ് | ബിൽ നം /തീയതി |
|---|---|---|
| കെ.എസ്.ഇ.ബി, മരുതറോഡ് | 119000 | 2/29.06.18 |
| കെ.എസ്.ഇ.ബി, എലപ്പുള്ളി | 122000 | 2/29.06.18 |
| കെ.എസ്.ഇ.ബി, എലപ്പുള്ളി | 21960 | 10/15.10.18 |
| ആകെ ചെലവ് | 262960 | |

വിവിധ വാർഡുകളിൽ ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കുന്നതിനും, തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുമായാണ് മേൽ പ്രകാരമുള്ള തുകകൾ കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. പദ്ധതി നടത്തിപ്പിന് അതാത് നിർവ്വഹണ ഏജൻസികളുമായി പഞ്ചായത്ത് കരാറിലേർപ്പെട്ടു കാണുന്നില്ല.

പ്രൊജക്ടുകൾ ഏറ്റെടുക്കുമ്പോൾ തന്നെ ബന്ധപ്പെട്ട സ്ഥാപനങ്ങൾ തദ്ദേശസ്വയം ഭരണ സ്ഥാപനവുമായി കരാറിൽ ഏർപ്പെടണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരണം വൈകുകയോ മറ്റു കാരണങ്ങളാൽ പദ്ധതി പൂർണ്ണമായി നടപ്പിലാക്കാതെ ഇടയിൽ ഉപേക്ഷിക്കുകയോ ചെയ്താൽ കരാറിന്റെ അഭാവത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയില്ല. ആയതിനാൽ ഡെപ്പോസിറ്റ് പ്രവർത്തികൾ കൃത്യമായ കരാർ വ്യവസ്ഥകളിൽ അധിഷ്ഠിതമായി നിർവ്വഹിക്കേണ്ടതാണ്.

പദ്ധതി പൂർത്തീകരണ വിവരം/ചെലവ് തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കി അറിയിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം - 16/28.02.20) പഞ്ചായത്ത് മറുപടി സമർപ്പിച്ചിട്ടുണ്ട്.

# 1-25 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ക്ഷീര സംഘത്തിന്റെ പാലളവ് സ്റ്റേറ്റ്മെന്റുകൾ ഹാജരാക്കിയില്ല

പ്രൊജക്ട് നം - 236/19 – ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി

നിർവ്വഹണം - ഡയറി എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ - 343494 – (300000 - തനത് ഫണ്ട്, 21494 – ബ്ലോക്ക് പഞ്ചായത്ത് , 22000 – ജില്ലാ പഞ്ചായത്ത് )

– ചെലവ് - 254877– വൗച്ചർ നം - 218009111/24.12.18

മേൽ പദ്ധതിക്കായി 254877/- രൂപ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതി തീരുമാനം നം - 2(4)/29.09.18 പ്രകാരം മിഥുനംപള്ളം ആപ്കോസിലെ 9 പേരെയും, പാലയങ്കാട് ആപ്കോസിലെ 59 പേരെയുമാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി അംഗീകരിച്ചിട്ടുള്ളത്. ഏപ്രിൽ/18 മുതൽ ആഗസ്റ്റ്/18 വരെയുള്ള 5 മാസങ്ങളിലെ പാലളന്നതിന് പാലയങ്കാട് ആപ്കോസിലെ 58 ഗുണഭോക്താക്കൾക്കാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്.

ബില്ലിൽ പാലളവ്, ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് സബ്സിഡി അനുവദിച്ചത് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ക്ഷീര സഹകരണ സംഘം സെക്രട്ടറി സമർപ്പിച്ച പാലളവ് സ്റ്റേറ്റ്മെന്റുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പാലയങ്കാട് ആപ്കോസ് സൂക്ഷിച്ചിട്ടുള്ള പാലളവ് സ്റ്റേറ്റ്മെന്റുകൾ, നിർവ്വഹണ ഉദ്യോഗസ്ഥന്റെ കാഷ് ബുക്ക് എന്നീ രേഖകൾ ഹാജരാക്കുവാൻ ഓഡിറ്റ് അന്വേഷണം (നം – 13/28.02.20) മുഖേന ആവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കുകയുണ്ടായില്ല.

പാലയങ്കാട് ആപ്കോസ് സൂക്ഷിച്ചിട്ടുള്ള പാലളവ് സ്റ്റേറ്റ്മെന്റുകൾ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ഗുണഭോക്താക്കൾക്ക് അനുവദിച്ച തുകകളുടെ കൃത്യത ഉറപ്പാക്കാനായില്ല. ആയതിനാൽ 254877/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്രൊജക്ടിൽ വിഭാവനം ചെയ്ത രീതിയിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ ലഭ്യമാക്കിയിട്ടില്ല. 13 - ാം പദ്ധതി മാർഗ്ഗരേഖ (അവശേഷിക്കുന്ന വാർഷിക പദ്ധതികൾ) - സ.ഉ (കൈ) നം. 11/18 ത.സ്വ.ഭ.വ തീയതി 29.01.2018 ലെ പദ്ധതി നിർവ്വഹണ നിർദ്ദേശ പ്രകാരം ക്ഷീര കർഷകർക്കും, ക്ഷീര സംഘത്തിനും ധനസഹായം നൽകുന്ന പ്രൊജക്ട് സംയുക്ത പ്രൊജക്ടായാണ് നടപ്പിലാക്കാവുന്നത്. കരട് പദ്ധതിരേഖ തയ്യാറാക്കുന്നതിന് മുൻപ് സംയുക്ത പ്രൊജക്ടുകൾക്കുള്ള വിഭവ സമാഹരണം ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. രേഖകൾ ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

# 1-26 വികസന ഫണ്ട് ഉപയോഗിച്ച് അങ്കണവാടികളുടെ വാടക നല്കി

പ്രോജക്ട്-118/19- അങ്കണവാടികൾക്ക് അധിക വാടക നല്കൽ

അടങ്കൽ-20000 ( വികസന ഫണ്ട് )

ചെലവ്-20000

നിർവ്വഹണോദ്യോഗസ്ഥ-ഐ.സി.ഡി.എസ്.സൂപ്പർവൈസർ

ബിൽ നം.8/24.1.18=20000

ഗ്രാമപഞ്ചായത്തിലെ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന താഴെ സൂചിപ്പിക്കുന്ന അങ്കണവാടികളുടെ 2018 മാർച്ച് മുതൽ 2018ഒക്ടോബർ വരെയുള്ള 8 മാസങ്ങളിലെ അധിക വാടക നല്കുന്നതിനാണ് പ്രസ്തുത പദ്ധതി.പദ്ധതി നടത്തിപ്പിനായി 20000/-രൂപ മേൽ ബിൽ പ്രകാരം പിൻവലിച്ച് തുക അക്കൗണ്ട് ട്രാൻസ്ഫറായി നല്കിയിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സെന്റർ നം. | അങ്കൺവാടി വർക്കറുടെ പേരും അക്കൗണ്ട് നമ്പരും | വാടക കാലയളവ് | പരിശോധനക്ക്നല്കിയ തുക |
|---|---|---|---|---|
| 1 | 164-തെയ്യംകുന്നം | ഉമാദേവി.യു 67345747656 | 3/18-10/18 | 750*8=6000 |
| 2 | 166-ചിറപ്പാടം | സാവിത്രി.വി 67148729562 | ടി | 250*8=2000 |
| 3 | 168-കൊടുമ്പ് | സുനിത.എം 67148729915 | ടി | 1250*8=10000 |
| 4 | 182-തസ്രാക്ക് | പ്രമീള.എം. 67148699933 | ടി | 250*8=2000 |
| | ആകെ | | | 20000 |

മുകളിൽ സൂചിപ്പിച്ച നാലു അങ്കണവാടികളുടെയും 2018 മാർച്ച് മാസത്തെ വാടക 2500/- രൂപ (750+250+1250+250 ) 2017-18 വർഷത്തിൽ ബിൽ നം.16/20.3.18 പ്രകാരം പിൻവലിച്ച 5000/- രൂപയിൽ നിന്നും ഒടുക്കിയിട്ടുള്ളതായി ഫയൽ പരിശോധനയിൽ കണ്ടു.

സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് ജി.ഒ.(എം/എസ്) 22/2018 ത.സ്വ.ഭ.വ തിയ്യതി 14.2.2018 ഖണ്ഡിക 8.8-തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകൾ (കറന്റ് ചാർജ്ജ്, വാട്ടർ ചാർജ്ജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷണറി, പോസ്റ്റേജ്, ടെലഫോൺ, ഇന്റർനെറ്റ് ചാർജ്ജ്) തുടങ്ങിയ ഓഫീസ് ചെലവുകളുടെ ആവശ്യകതയുടെ പട്ടിക തയ്യാറാക്കി തദ്ദേശസ്വയംഭരണ സെക്രട്ടറിക്ക് നല്കേണ്ടതാണെന്നും ആവശ്യം പരിഗണിച്ച് ഒരു നടപടിക്രമ ഉത്തരവിലൂടെ

എല്ലാ സ്ഥാപന മേധാവികൾക്കും തുക അനുവദിക്കേണ്ടതാണെന്നും ഇതിനാവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ തനത്ഫണ്ട്/ജനറൽപർപ്പസ് ഗ്രാന്റ്/ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ നിന്നും കണ്ടെത്തേണ്ടതാണെന്നും പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്.പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിലേക്ക് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (6/26.2.2020) മറുപടിയോടൊപ്പം ലഭ്യമാക്കിയ സർക്കാർ ഉത്തരവിലും വികസന ഫണ്ട് ഉപയോഗിച്ച് വാടക നല്കുന്നതിനെ കുറിച്ച് പറഞ്ഞിട്ടില്ല.ആയതിനാൽ ടി ഇനത്തിൽ ചെലവഴിച്ച തുക അനുവദനീയമായ ഫണ്ടിൽ നിന്നും പിൻവലിച്ച് ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-27 സബ്സിഡി മാർഗ്ഗരേഖയിൽ സൂചിപ്പിച്ചിട്ടില്ലാത്ത ഇനത്തിന് ധനസഹായം നല്കിയിരിക്കുന്നു

പ്രോജക്ട്-108/19-വ്യക്തിഗത ഗാർഹിക സാനിട്ടറി കക്കൂസ് യൂണിറ്റ് നിർമ്മാണം/പുനരുദ്ധാരാണം-എസ്.സി-സ്പിൽ ഓവർ

അടങ്കൽ-107800

ചെലവ്- 77000

ബിൽ നം.1/8.5.18=77000

നിർവ്വഹണോദ്യോഗസ്ഥ-വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഗ്രാമപഞ്ചായത്ത് ODFഗ്രാമമായി പ്രഖ്യാപിക്കപ്പെട്ടതിനുശേഷവും എസ്.സി വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് ടോയ് ലെറ്റ് നിർമ്മാണത്തിന് 15400 രൂപ വീതം ധനസഹായം നൽകുന്നതിനായാണ് 2017-18 വർഷം പ്രോജക്ട് രൂപീകരിച്ചത്. 2018-19 വർഷത്തിലാണ് പദ്ധതി നടപ്പിലാക്കിയത്. 5 ഗുണഭോക്താക്കൾക്ക് പദ്ധതി പ്രകാരം സബ്സിഡി അനുവദിച്ചത്.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് മേൽ ബിൽ പ്രകാരം പിൻവലിച്ച തുക താഴെ സൂചിപ്പിക്കുന്ന ഗുണങ്ങഭോക്താക്കൾക്ക് അക്കൗണ്ട് ട്രാൻസ്ഫറായി നല്കിയിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നം | തുക |
|---|---|---|---|
| 1 | ഉഷ.കെ | 4260001708006655 | 15400 |
| 2 | ശ്രീജ.വി | 4260001708019756 | 15400 |
| 3 | മാതു.കെ | 853510110002129 | 15400 |
| 4 | അമ്മിണി | 35408241865 | 15400 |
| 5 | കനകം.പി | 853510510000132 | 15400 |
| | | | 77000 |

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ) നം.22/2018/തസ്വഭവ തിയ്യതി 14.2.18 ഖണ്ഡിക 2-പൊതു നിബന്ധനകൾ-ഖണ്ഡിക 2.2-പ്രകാരം ഈ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിനോ,ഓരോ ഇനത്തിനും പറഞ്ഞ പ്രകാരമല്ലാത്ത വിഭാഗങ്ങൾക്കോ,ഓരോ ഇനത്തിലും പറഞ്ഞിട്ടുള്ളതിൽ അധികരിച്ച നിരക്കിലോ തുകയിലോ സബ്സിഡി നല്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നും ഖണ്ഡിക 2.3 പ്രകാരം സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശസ്വയഭരണസ്ഥാപനങ്ങളുടെ ദുർവിനിയോഗമായി കണക്കാക്കുന്നതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ സബ്സിഡി മാർഗരേഖയിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് ധനസഹായം നൽകുന്നതിന് പ്രൊജക്റ്റുകൾ ആവിഷ്കരിക്കുന്നതിനു മുൻപ് സർക്കാരിൽ നിന്നും മുൻകൂർ അനുവാദം വാങ്ങേണ്ടതാണ്. എന്നാൽ നിർവഹണഉദ്യോഗസ്ഥൻ ഇപ്രകാരം മുൻകൂർ അനുമതി വാങ്ങിയിട്ടില്ല.പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാരിൽ നിന്നും മുൻകൂർ അനുമതിയോ മറ്റ് ഉത്തരവുകളോ ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ഹാജരാക്കുന്നതിലേക്ക് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( 18/28.2.2020 ) ലഭ്യമാക്കിയ മറുപടിയോടൊപ്പം ഹാജരാക്കിയ സർക്കാർ ഉത്തരവ് 2019-20 വർഷത്തേക്ക് ബാധകമായതാണ്.കൂടാതെ പ്രസ്തുത ചെലവിന് സർക്കാരിൽ നിന്നും ചെലവനുമതി ലഭ്യമാക്കുന്നതാണെന്നും

സൂചിപ്പിച്ചിട്ടുണ്ട്.
അതാത് സാമ്പത്തിക വർഷങ്ങളിലേക്ക് ബാധകമായ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ,പരിഷ്കരിച്ച പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവയ്ക്കനുസരിച്ച് പദ്ധതി ആവിഷ്കരിച്ച് അംഗീകാരം വാങ്ങി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക സാഹചര്യങ്ങൾക്ക് അനുസരിച്ച് പദ്ധതി നടപ്പിലാക്കുമ്പോൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയെകുറിച്ച് ബന്ധപ്പെട്ട മാർഗ്ഗരേഖയിൽ ഒന്നും സൂചിപ്പിച്ചിട്ടില്ലെങ്കിൽ ടി പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കി നടപ്പിലാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

# 1-28 വയോജനങ്ങൾക്ക് കട്ടിൽ-പ്രൊക്യൂർമെന്റ് മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രോജക്ട്-119/19-വയോജനങ്ങൾക്ക് കട്ടിലുകൾ വാങ്ങൽ

അടങ്കൽ-448000 ( പ്ലാൻ ജനറൽ )

ചെലവ്-441000

ബിൽ നം.3/17.6.18=441000

നിർവ്വഹണോദ്യോഗസ്ഥ-ഐ.സി.ഡി.എസ്.സൂപ്പർവൈസർ

വയോജനങ്ങൾക്ക് കട്ടിലുകൾ വാങ്ങി വിതരണം പദ്ധതി നടത്തിപ്പിന്റെ ഭാഗമായി 5.2.2018 തിയ്യതിയിൽ ടെണ്ടർ ക്ഷണിച്ചത് പ്രകാരം 4 ടെണ്ടറുകൾ ലഭ്യമായി.ലഭിച്ച ടെണ്ടറുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഏജൻസിയുടെ പേര് | സ്പെസിഫിക്കേഷൻ | ക്വാട്ട് ചെയ്ത തുക |
|---|---|---|---|
| 1 | എഫ്ആർ ട്രേഡേഴ്സ്, പട്ടിക്കര, പാലാക്കാട് | 198*90-60cm front hieght,50cm back height 8mm plywood,steel frame | 3067 |
| 2 | സംസം ഇൻഡസ്ട്രീസ്,കൊടുന്തിരപ്പുള്ളി, പാലാക്കാട് | 3/1sq pipe frame,1 1/4 round pipe leg,9mm plywood,2 cot pint | 3150 |
| | ടി | 3/1 sq pipe frame,angle beeding 1,1/2*1 1/2 beeding sq pipw leg ,12mm ply wood,heavy cot 16 guage | 4150 |
| 3 | റിച്ചി ഫർണ്ണിച്ചേഴ്സ്,സൊറപ്പാറ, കൊഴിഞ്ഞാമ്പാറ,പാലക്കാട് | Steel cot 198*90 (L*W),60mm ht.front leg,50cm ht back leg,9mm thick plywood top with steel frame | 2863 |
| 4 | ഡയമണ്ട് ഇൻഡസ്ട്രീസ്, പള്ളത്തേരി, പാലക്കാട് | Cot( angle 1 1/4* 11/4,pipe 11/4* 1 1/4* 1 1/4) | 3150 |
| | ടി | Cot ( angle 1 inch,pipe 1*1) | 2950 |

ടെണ്ടറിൽ പങ്കെടുത്ത 4 പേരോടും ടെണ്ടർ ഫോമിൽ പറയും പ്രകാരമുള്ള കട്ടിലുകളുടെ സാമ്പിളുകൾ ഗ്രാമപഞ്ചായത്തിൽ കൊണ്ടുവരുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.ഫയൽ പരിശോധിച്ചതിൽ കട്ടിലുകളുടെ ഗുണനിലവാരം പരിശോധിച്ചതിന്റെ

രേഖകൾ ഇല്ല.മാത്രല്ല ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട സ്പെസിഫിക്കേഷനോട്ട കൂടിയുള്ളതും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തിട്ടുള്ളതുമായ റിച്ചി ഫർണ്ണാച്ചേഴ്സിൽ നിന്നമല്ല കട്ടിലുകൾ വാങ്ങി വിതരണം ചെയ്തിരിക്കുന്നത്.കൂടിയ നിരക്കിലുള്ളതും ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട സ്പെസിഫിക്കേഷനോട്ടുകൂടിയതുമല്ലാത്ത സംസം ഇൻഡസ്ട്രീസിൽ നിന്നമാണ് 140 കട്ടിലുകൾ വാങ്ങിയിരിക്കുന്നത്.സംസം ഇൻഡസ്ട്രീസിന്റെ ടെണ്ടർ 27.2.2018 ലെ ഭരണസമിതി തീരുമാനം 7/2 പ്രകാരം അംഗീകരിച്ചിട്ടുണ്ട്.ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്യതും ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട സ്പെസിഫിക്കേഷനോട്ടുകൂടിയതുമായ റിച്ചി ഫർണ്ണീച്ചേഴ്സിന്റെ ടെണ്ടർ ( രൂപ-2863/ ) അംഗീകരിച്ച് കട്ടിലുകൾ വാങ്ങിയിരുന്നവെങ്കിൽ ഗ്രാമപഞ്ചായത്തിന് പദ്ധതി ഫണ്ട് ഇനത്തിൽ 40180/- (441000-400820)രൂപ ലാഭിക്കാമായിരുന്നു.നഷ്ടത്തിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഏജൻസി | ക്വാട്ട് ചെയ്ത നിരക്ക് | വാങ്ങിയ കട്ടിലുകളുടെഎണ്ണം,രൂപ | തുക |
|---|---|---|---|---|
| 1 | സംസം ഇൻഡസ്ട്രീസ് | 3150 | 140*3150 | 441000 |
| 2 | റിച്ചി ഫർണ്ണീച്ചേഴ്സ് | 2863 | 140*2863 | 400820 |
| | | | വ്യത്യാസം | 40180 |

<u>അപാകങ്ങൾ</u>

*കട്ടിലുകൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് സ.ഉ.(പി) നമ്പർ 259/2010/തസ്വഭവ തീയതി 08.11.2010 പ്രകാരം പർച്ചേസിംഗ് കമ്മറ്റി കൂടുകയോ തീരുമാനങ്ങൾ കൈകൊള്ളുകയോ ചെയ്തിട്ടില്ല. സാമ്പിളുകൾ ഹാജരാക്കിയ കട്ടിലുകളുടേയോ, വാങ്ങിയ കട്ടിലുകളുടേയോ ഗുണനിലവാരം തിട്ടപ്പെടുത്തിയതിന് രേഖകൾ ഇല്ല.

*ഏറ്റവും കുറവ് ക്വാട്ട് ചെയ്ത സ്ഥപനത്തിന്റെ കട്ടിലുകൾ അല്ല വാങ്ങി വിതരണം ചെയ്തിരിക്കുന്നത്.
*ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട സ്പെസിഫിക്കേഷനോട്ടുകൂടിയ കട്ടിലുകൾ അല്ല വാങ്ങിയിരിക്കുന്നത്.
മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിലേക്ക് നല്കിയ ഓഡിറ്റ് അന്വേഷത്തിന് ( 7/28.2.2020 ) ലഭിച്ച മറുപടി അംഗീകരിക്കാവുന്നതല്ല.സാമ്പിൾ ഹാജരാക്കിയ സംസം ഇൻഡസ്ട്രീസിന്റെ കട്ടിൽ ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട സ്പെസിഫിക്കേഷനോട്ടുകൂടിയതല്ല.മാത്രമല്ല ടി കട്ടിലുകളാണ് പർച്ചേയ്സ് നടത്തി വിതരണം ചെയ്തിരിക്കുന്നത്. വാങ്ങിയ കട്ടിലുകളുടെ ഗുണനിലവാരം തിട്ടപ്പെടുത്തിയതിന് രേഖകൾ ഇല്ല. ആയതിനാൽ ടി ഇനത്തിലെ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-29 പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി

നിർവ്വഹണം - ഹെഡ് മിസ്ട്രസ്സ്, ജി.എൽ.പി.എസ്,തിരുവാലത്തൂർ

പ്രൊജക്ട് നം - 192/19

അടങ്കൽ - 118031(പ്ലാൻ -എസ്.സി.പി )

ചെലവ് - 118031

ബിൽ നം.1/21.5.18=118031

2/21.5.18= 31530

സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ പ്രേരക്മാരെ ഉൾപ്പെടുത്തി സംസ്ഥാന സാക്ഷരതമിഷന്റെ നിർദ്ദേശപ്രകാരം പട്ടികജാതിയിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ നിരക്ഷത നിർമ്മാർജ്ജനം,തൊഴിൽ പരിശീലനം നല്കൽ,ക്ലാസ്സുകൾ സംഘടിപ്പിക്കൽ എന്നീ കാര്യങ്ങൾക്കാണ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്.

പദ്ധതിക്കായി ചെലവഴിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെലവിനം | തുക |
|---|---|---|
| 1 | പ്രേരക് മാരുടെ ഹോണറേറിയം | 41500 ( 21000+20500) |
| 2 | ഇൻസ്ട്രക്ടർമാർക്ക് ഹോണറേറിയം | 45000 (15x3000) |
| 3 | ഭക്ഷണവും മറ്റ് അനുബന്ധ പഠന ഉപകരണങ്ങളും സാമഗ്രികളും | 31531 |
| | ആകെ | 118031 |

സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 22/2018/ ത.സ്വ.ഭ.വ തീയതി 14.02.2018 ലെ നിർദ്ദേശങ്ങളനുസരിച്ച് പ്രൊജക്ടിൽ തുക വകയിരുത്തി ശമ്പളമോ, ഹോണറേറിയമോ നൽകാവുന്നതല്ല. 13-ാം പദ്ധതി മാർഗ്ഗരേഖ (അവശേഷിക്കുന്ന വാർഷിക പദ്ധതികൾ) സ.ഉ (കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.01.2018 പ്രകാരം വിദ്യാഭ്യാസ മേഖലയിൽ അനൗപചാരിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിലേക്ക് സാക്ഷരതാ മിഷനിൽ നിന്ന് പുസ്തകങ്ങൾ വാങ്ങുന്നതിനും, ആവശ്യമായ ഫീസ് ഒടുക്കുന്നതിനും മാത്രമാണ് പ്രൊജക്ട് തയ്യാറാക്കാവുന്നത്. മറ്റ് പ്രവർത്തനങ്ങൾ സാക്ഷരതാ മിഷൻ നടപ്പാക്കുന്നതിനാൽ ഇരട്ടിപ്പിന് സാധ്യതയുണ്ട്.മേൽ പദ്ധതിയിൽ 15 ഇൻസ്ട്രക്ടർമാർക്ക് 3000/- രൂപ നിരക്കിൽ 45000/- രൂപയും പ്രേരക്മാരുടെ( രണ്ട് പേരുടെ ) ഹോണറേറിയമായി 41500/- രൂപയും കൂടി 86500 അനുവദിച്ചിട്ടുണ്ട്. മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിലേക്ക് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( 5/25.5.2020) മറുപടി ലഭിച്ചിട്ടില്ല. പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖയിൽ സൂചിപ്പിച്ചിരിക്കുന്ന ഇനങ്ങൾക്കും അവയുടെ നടത്തിപ്പിന്റെ ഭാഗമായി സൂചിപ്പിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ പ്രകാരവും ആയിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവ് ചെയ്ത തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-30 പാലിയേറ്റീവ് കെയർ- മാർഗ്ഗരേഖാ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

പ്രോജക്റ്റ് നമ്പർ- 3/19

പ്രോജക്റ്റിന്റെ പേര്- സാന്ത്വനം- പാലിയേറ്റീവ് പരിചരണ പരിപാടി

അടങ്കൽ- വികസന ഫണ്ട്-പൊതുവിഭാഗം-സാധാരണ വിഹിതം-4,00,000/-

മറ്റ് ഗ്രാമ പഞ്ചായത്ത്-2,00,000

ആകെ - 6,00,000

ചെലവ് - 327,350

ബിൽ നം(തീയതി) -1(21-5-18), 2(18-6-18), 3(16-8-18), 5(17-9-18), 6(22- 1-18), 8(7-3-18), 13(30-3-19), 14(30-3-19), 16(30-3-19)

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ(അലോപ്പതി)

29.10.2015 ലെ സർക്കാർ ഉത്തരവ് (സാ. ധാ.)നം 3217/2015 ത.സ്വ.ഭ.വ. പ്രകാരം ആണ് പാലിയേറ്റീവ് കെയർ പദ്ധതി ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യേണ്ടത്. പ്രസ്തുത ഉത്തരവിലെ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ഗ്രാമപഞ്ചായത്ത് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

1.<u>പി എം സി മാർഗ്ഗരേഖാ പ്രകാരമുള്ള ഇടവേളകളിൽ യോഗം കൂടുന്നില്ല</u>

മേൽ ഉത്തരവിന്റെ ഖണ്ഡിക 2.3.2 പ്രകാരം, പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ യോഗം ചേർന്ന് പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പരിമിതികൾ മറികടക്കുന്നതിനാവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. ഈ യോഗത്തിൽ വച്ച് അടുത്ത 2 മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കേണ്ടതും അംഗീകരിക്കേണ്ടതുമാണ്. എന്നാൽ കൊടുമ്പ് ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ പി എം സി 1 പ്രാവശ്യം മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.

2.<u>പാലിയേറ്റീവ് അവലോകനം- എല്ലാ മാസവും യോഗം ചേരുന്നില്ല</u>

മാർഗ്ഗരേഖ പ്രകാരം എല്ലാ മാസവും യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. എന്നാൽ കൊടുമ്പ് ഗ്രാമപഞ്ചായത്തിൽ പദ്ധതി അവലോകനത്തിനായി 2018-19 സാമ്പത്തിക വർഷത്തിൽ 5 പ്രാവശ്യം (9-4-18, 13-7-18, 14-9-18, 11-2-19, 12-3-19) മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. എല്ലാ മാസവും യോഗം ചേരേണ്ടതും പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്.

3.<u>വാഹന വാടക -ട്രിപ്ഷീറ്റിന്റെ അടിസ്ഥാനത്തിൽ നൽകേണ്ടതാണ്.</u>

പാലിയേറ്റീവ് കെയർ പദ്ധതിയുടെ വാഹന വാടകയ്ക്ക് സർക്കാർ അനുവദിച്ച പരമാവധി നിരക്ക് താഴെ ചേർക്കുന്നു .

| Kilometers (up & down) | പരമാവധി തുക |
|---|---|
| 15-24 | 800 |
| 25-34 | 900 |
| 35-44 | 1000 |
| 45 കി.മി. കൂടുതൽ | 1100 |

കൊടുമ്പ് ഗ്രാമപഞ്ചായത്തിൽ പാലിയേറ്റീവ് ഹോം കേയർ ആവശ്യങ്ങൾക്കായി സ്വന്തമായി വാഹനം ലഭ്യമായിട്ടില്ല. ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന വാഹനത്തിലൂടെയാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. പഞ്ചായത്തിൽ ട്രിപ്പ് ഷീറ്റിന്റെ അടിസ്ഥാനത്തിൽ വാടക നൽകുന്നതിനു പകരം എല്ലാ യാത്രകൾക്കും 1000 രൂപനൽകുകയാണ് ചെയ്യുന്നത്. മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 1-31 ലൈഫ് ഭവന പദ്ധതി-തുടർ നടപടികൾ ആവശ്യപ്പെടുന്നു

കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ/വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ, പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കികൊണ്ടിരിക്കുന്ന ഭവന പദ്ധതികൾ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

സ.ഉ(എം.എസ് )നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ മുൻഗണനാ മാനദണ്ഡം

- മാനസിക വെല്ലുവിളി നേരിടുന്നവർ / അന്ധർ / ശാരീരിക തളർച്ച സംഭവിച്ചവർ
- അഗതികൾ

- അംഗവൈകല്യമുള്ളവർ
- ഭിന്നലിംഗക്കാർ
- ഗുരുതര / മാരക രോഗമുള്ളവർ
- അവിവാഹിതരായ അമ്മമാർ
- രോഗം / അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് വരുമാനം കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
- വിധവകൾ

ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ലൈഫ് മിഷൻ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണം മാർഗ്ഗരേഖകൾക്ക് അനുസൃതമാണോ എന്ന് വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

<u>ഒന്നാം ഘട്ടം</u>

ഒന്നാം ഘട്ട പ്രവർത്തനങ്ങൾ 2018-19 വർഷത്തിലാണ് പൂർത്തീകരിച്ചിട്ടുള്ളത്.വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

പ്രോജക്ട്-109/19-ലൈഫ് ഭവനം-പൂർത്തീകരിക്കാത്ത ഭവനം പൂർത്തിയാക്കൽ

അടങ്കൽ-30000-പ്ലാൻ-ജനറൽ

ചെലവ്-30000

ബിൽ നം.3/8.5.18=30000

<u>രണ്ടാം ഘട്ടം-2018-19 വർഷത്തെ ലക്ഷ്യം</u>

സ.ഉ(കൈ)നം. 34/2018/തസ്വഭവ തിയതി 16-3-2018 പ്രകാരം 2018-19 വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷന്റെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം. അംഗീകൃത ഗുണഭോക്തൃ പട്ടികയിലുള്ള സ്വന്തമായി ഭൂമിയുള്ള എല്ലാ ഭവനരഹിതർക്കും 2018-19 വർഷത്തിൽ തന്നെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

ഭവനങ്ങളുടെ വിസ്തീർണ്ണം 400 ച.അടി +/- 20% (പരമാവധി 420 ച.അടി) ആയിരിക്കേണ്ടതാണ്. 600 ച.അടി വരെ വിസ്തീർണ്ണത്തിൽ വീട് പൂർത്തീകരിച്ചവർക്ക് അവസാന ഗഡു നൽകാവുന്നതാണ്.

<u>യൂണിറ്റ് നിരക്ക്</u>

4 ലക്ഷം രൂപയാണ് ഭവന നിർമ്മാണത്തിനായുള്ള ധനസഹായം. പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപയും ആവശ്യമെങ്കിൽ 20% തുക അധികമായും അനുവദിക്കാവുന്നതാണ്. ജനറൽ, പട്ടികജാതി വിഭാഗക്കാർക്ക് 4 ഗഡുക്കളായും പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് 5 ഗഡുക്കളായും തുക അനുവദിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒന്നാം ഗഡു വിതരണം ചെയ്തത് മുതൽ 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2018-19 വർഷത്തിൽ കൊടുമ്പ് ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിവരം താഴെ ചേർക്കുന്നു.

<u>2018-19 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതികൾ</u>

അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 205 ഉം എസ്.സി വിഭാഗത്തിൽ 31 ഉം പേരുമാണ് ഗുണഭോക്താക്കളായുള്ളത്. ആയതിൽ ആകെ 167 (ജനറൽ 145+എസ്.സി 22 ) പേരാണ് തൻവർഷം എഗ്രിമെന്റ് വെച്ചിട്ടുള്ളത്. ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.

ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് വ്യക്തിഗത ഭവനങ്ങൾ നിർമ്മിക്കുന്നതിനായി തൻ വർഷം 2 പദ്ധതികളാണ് തൻവർഷം ആവിഷ്കരിച്ച് നടപ്പിലാക്കിയത്.നടപ്പിലാക്കിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

a) ലൈഫ് മിഷൻ ഭവന പദ്ധതി - (20/19)-ജനറൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ-l

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് | 3200000 | 3200000 |
| ബ്ലോക്ക് പഞ്ചായത്ത് | 1103818 | 1103818 |
| ജില്ലാ പഞ്ചായത്ത് | 1380032 | 1380032 |
| മറ്റിനം(വായ്പ്പ) | 60316150 | 18076150 |
| തനത് ഫണ്ട് | 0 | 0 |
| ആകെ | 66000000 | 23760000 |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം | ഗഡു സംഖ്യ | ആകെ |
|---|---|---|---|
| I | 120 | 40000 | 4800000 |
| II | 101 | 160000 | 16160000 |
| III | 48 | 1. 45* 60000<br>1.1*100000 | 2800000 |
| ആകെ | | | 23760000 |

2019-20 വർഷത്തിൽ 100 ( 85-ജനറൽ + 15 എസ്.സി ) ഗുണഭോക്താക്കൾ മുഴുവൻ തുകയും കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

b) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം ( 22/19)-എസ്.സി.പി

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ-l

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട്(എസ്.സി.പി) | 5600000 | 5280000 |
| ബ്ലോക്ക് പഞ്ചായത്ത് | 370588 | 0 |
| ജില്ലാ പഞ്ചായത്ത് | 1049196 | 0 |
| മറ്റുള്ളവ | 2580216 | 0 |
| ആകെ | 9600000 | 5280000 |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം | ഗഡു സംഖ്യ | ആകെ |
|---|---|---|---|
| I | 18 | 40000 | 720000 |
| II | 16 | 160000 | 2560000 |
| III | 16 | 100000 | 1600000 |
| | | | |

| | | | |
|---|---|---|---|
| IV | 4 | 100000 | 400000 |
| ആകെ | | | 5280000 |

ആകെയുള്ള 22ഗുണഭോക്താക്കളിൽ 15 ഗുണഭോക്താക്കൾ മാത്രമാണ് 2019-20 വർഷത്തിൽ മുഴുവൻ തുകയും കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്.

ഹഡ്കോ ലോൺ ലഭ്യമായതിന്റേയും ചെലവിന്റേയും വിവരം

2018-19 ൽ 18076150/-- രൂപ ഹഡ്കോയിൽ നിന്ന KURDFC മുഖേന വായ്പ ലഭ്യമായിട്ടുണ്ട്. തുക പഞ്ചായത്തിന്റ SBI യുടെ മരുതറോഡ് ബ്രാഞ്ചിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചാണ് ചെലവ് നടത്തുന്നത്. 31-3-2019 വരെ ലഭ്യമായ തുക ലോൺ അക്കൗണ്ടിൽ നിന്നും മുഴുവൻ തുകയുംവിതരണം ചെയ്തിട്ടുണ്ട്.വായ്പയുടെ തിരിച്ചടവ് 2019-20 വർഷത്തിൽ ആരംഭിച്ചിട്ടുണ്ട്

സർക്കാർ വിഹിതം

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം സർക്കാരിൽ നിന്നും തുകയൊന്നും ലഭ്യമായിട്ടില്ല. എന്നാൽ 2019-20 വർഷത്തിൽ സർക്കാർ വിഹിതമായി 2900000/- രൂപ വിവിധ ഗഡുക്കളായി ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുള്ളതിൽ ( SBI,Marutharode A/c No.38071674964 ) 2850000/- രൂപ ഗുണഭോക്താക്കൾക്കായി ചെലവഴിച്ചിട്ടുണ്ട്.

ഭവന നിധി രൂപീകരിച്ചിട്ടില്ല

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിൽ അത്തരത്തിൽ ഒരു ഭവനനിധി രൂപീകരിച്ചിട്ടില്ല.

ഒന്നാം ഗഡു ധനസഹായം കൈപ്പറ്റി ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.

ലൈഫ് ഭനപദ്ധതി ഫേസ് II പ്രകാരം ഒന്നാം ഗഡു ധനസഹായം കൈപ്പറ്റിയ വള്ളിയമ്മW/oകൃഷ്ണൻ,പി.എ.തറ,കാഞ്ഞിരമന്ദം എന്ന ഗുണഭോക്താവ് ട്രഷറി ബിൽ നം.6/20.8.18 പ്രകാരം പിൻവലിച്ച 40000/- രൂപ അക്കൗണ്ട് ട്രാൻസ്ഫറായി ( അക്കൗണ്ട് നം.853510510000818-Bank of India,Chandranagar)തുക കൈപ്പറ്റി തറപ്പണി പൂർത്തീകരിച്ച് ഗുണഭോക്താവ് അസുഖംമൂലം മരണമടഞ്ഞതിനാൽ പണിപൂർത്തീകരിച്ചിട്ടില്ല. (ഫയൽ നം.14 ).ഗുണഭോക്താവുമായി ഗ്രമപഞ്ചായത്ത് ചമച്ച എഗ്രിമെന്റ് വ്യവസ്ഥ 4 പ്രകാരം കരാറിൽ ഏർപ്പെട്ട് 6 മാസത്തിനകം ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ടിയാരി 40000/- രൂപ ആദ്യ ഗഡു കൈപ്പറ്റി ഒരു വർഷം കഴിഞ്ഞിട്ടും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല .തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

തറപണി പൂർത്തിയാക്കിയ സമയത്തെ ചിത്രം



മോണിറ്ററിംഗ്

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്.

രണ്ടാം ഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതികളുടെ പുരോഗതി കൃത്യമായ വിലയിരുത്തൽ നടത്തിയതിന് രേഖകളില്ല. 2019-20 വർഷത്തിൽ പദ്ധതികൾ തുടർന്നു വരുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.
2. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
4. പദ്ധതി നടത്തിപ്പിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.
5. ഭാഗികമായി ധനസഹായം കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താവ് കൈപ്പറ്റിയ തുക സംബന്ധിച്ച് ഉചിതമായ നടപടികൾ കൈകൊള്ളേണ്ടതാണ്.
6..ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് ( ഭവന നിധി ) തുടങ്ങേണ്ടതാണ്.

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( 19/ 29.2.2020 ) മറുപടി ലഭിച്ചിട്ടില്ല.

ലൈഫ് മിഷൻ മാർഗ്ഗരേഖയ്ക്കനുസരിച്ചും കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവ് പ്രകാരവും പദ്ധതി പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-32 അഗതി രഹിത കേരളം പദ്ധതി - അവലോകനം

നിർവ്വഹണം - അസി.സെക്രട്ടറി

ആക്ഷൻ പ്ലാൻ - അംഗീകാരം

കൊടുമ്പ് ഗ്രാമപഞ്ചായത്തിലെ അഗതി രഹിത കേരളം പദ്ധതിയുടെ ആക്ഷൻ പ്ലാൻ 9.03.2019 തീയതിയിൽ കുടുംബശ്രീ ജില്ലാ മിഷനിൽ നിന്ന് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. കുടുംബശ്രീ മുഖേന ഫീൽഡ് തല സർവ്വെ നടത്തിയതിൽ 180 കുടുംബങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആശ്രയ ഒന്നാം ഘട്ടത്തിലെയും, രണ്ടാം ഘട്ടത്തിലെയും 128 ഗുണഭോക്താക്കളെയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആശ്രയ ഭവന പദ്ധതി പ്രകാരം അർഹതയുള്ള 5 ഗുണഭോക്താക്കളെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അക്കൗണ്ട് വിവരം

പദ്ധതിക്കായി അസി.സെക്രട്ടറിയുടെയും, സി.ഡി.എസ് ചെയർപേഴ്സൺന്റെയും പേരിൽ ഒരു ജോയിന്റ് അക്കൗണ്ട് 29.05.19 ന് പഞ്ചാബ് നാഷണൽ ബാങ്ക്, ചന്ദ്രനഗർ ശാഖയിൽ തുടങ്ങിയിട്ടുണ്ട്. ആശ്രയ 1, 2 ഘട്ടങ്ങളിലെ നീക്കിയിരുപ്പ് ചലഞ്ച് ഫണ്ടിനത്തിൽ 446917/-രൂപയും, പ്ലാൻ ഫണ്ടിനത്തിൽ 136869/- രൂപയും ചേർത്ത് അഗതി രഹിത കേരളം അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

നിലവിലെ പ്രവർത്തനം

ഗുണഭോക്താക്കൾക്ക് നിലവിൽ ഭക്ഷ്യധാന്യ വിതരണവും, ചികിത്സാ സൗകര്യങ്ങളും നൽകി വരുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. അഗതി രഹിത കേരളം പദ്ധതിയുടെ പ്രത്യേക മാർഗ്ഗരേഖ - സ.ഉ (എം.എസ്) നം- 252/17/ ത.സ്വ.ഭ.വ തീയതി 12.12.17 ലെ നിർദ്ദേശങ്ങളനുസരിച്ച് പ്രത്യേക പരിചരണ സേവന പാക്കേജ് (ഭക്ഷണം, ആരോഗ്യസുരക്ഷ, ഭിന്നശേഷി സഹായം, കിടപ്പാടം,പാർപ്പിടം,കുടിവെള്ളം,വസ്ത്രം, വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം തുടങ്ങിയവ) തയ്യാറാക്കാവുന്നതാണ്.

2. മെഡിക്കൽ ക്യാമ്പ് നടത്തി അർഹരായ ഗുണഭോക്താക്കളുടെ ഡാറ്റ സി.എച്ച്.സി യിൽ സൂക്ഷിക്കേണ്ടതാണ്.

3. പദ്ധതി നടത്തിപ്പിനായി ലഭ്യമാകുന്ന വിവിധ ഫണ്ടുകളുടെ വിനിയോഗം അഗതി രഹിത കേരളം പദ്ധതി മാർഗ്ഗരേഖയനുസരിച്ച് ക്രമീകരിക്കേണ്ടതാണ്.

4. പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തുവാൻ ഒരു ഉപസമിതി രൂപീകരിച്ച് പുരോഗതി റിപ്പോർട്ട് ഓരോ രണ്ട് മാസത്തിലും തയ്യാറാക്കി ഭരണസമിതിക്ക് നൽകേണ്ടതും, ഭരണസമിതി ആയത് ചർച്ച ചെയ്ത് നടപടി റിപ്പോർട്ട് ജില്ലാ ആസൂത്രണ സമിതിക്ക് നൽകേണ്ടതുമാണ്. അഗതി കുടുംബങ്ങളുടെ മേൽനോട്ടം ചുമതലപ്പെടുത്തിയ അയൽക്കൂട്ടം ഒരു മോണിട്ടറിങ്ങ് രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

5. ആശ്രയ നിർബന്ധിത പ്രൊജക്ടാണെന്നിരിക്കെ 13-ാം പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അഗതികളുടെ ആവശ്യകതക്കനുസരിച്ചുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതോടൊപ്പം ലഭ്യമാകുന്ന തുക സമയബന്ധിതമായി വിനിയോഗിക്കേണ്ടതുമാണ്.

6. പദ്ധതി പ്രവർത്തനത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ദാരിദ്ര്യ ലഘൂകരണ വർക്കിങ്ങ് ഗ്രൂപ്പ് എന്നിവരുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതും പദ്ധതി മോണിട്ടറിങ്ങ് റിപ്പോർട്ട് തയ്യാറാക്കേണ്ടതുമാണ്.

# 1-33 ഖരമാലിന്യപദ്ധതി - അവലോകനം

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ചെയ്യുക എന്നത് ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽ ഒന്നാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219എ മുതൽ 219എക്സ് വരെയുള്ള വകുപ്പുകൾ പ്രകാരം ഖരമാലിന്യ സംസ്കരണം കാര്യക്ഷമമാക്കുന്നതിനായി ധാരാളം അധികാരങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ശാസ്ത്രീയ മാലിന്യ പരിപാലനം സുസ്ഥിരമാക്കുന്നതിനായി ഹരിത കേരള മിഷന്റെ ഭാഗമായി മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. 2016 ൽ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പോലുള്ള കേന്ദ്ര നിയമങ്ങളും നിലവിലുണ്ട്. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിലും സബ്ഡിഡി മാനദണ്ഡങ്ങളിലും മാലിന്യ സംസ്കരണം ഫലപ്രദമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൊട്ടമ്പ് ഗ്രാമപഞ്ചായത്ത് തൻവർഷം സുസ്ഥിര മാലിന്യ നിയന്ത്രണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ടോ എന്നും മാലിന്യ സംസ്കരണ സംവിധാനം കാര്യക്ഷമമാണോ എന്നും വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

സാമ്പത്തിക വർഷം നടപ്പിലാക്കിയ പ്രൊജക്ടുകൾ

സാമ്പത്തിക വർഷം താഴെ പറയും പ്രകാരം സ്പിൽ ഓവർ പ്രൊജക്ടിന് തുക വകയിരുത്തിയെങ്കിലും പദ്ധതി നടപ്പാക്കിയിട്ടില്ല.

| | | |
|---|---|---|
| 113/19 | മാലിന്യ സംസ്കരണശാല നിർമ്മാണം | 4676990 (വികസന ഫണ്ട്- 975300<br>ബ്ലോക്ക് വിഹിതം - 3701690 |

പദ്ധതി നടപ്പിലാക്കാതിരുന്നതിന് പഞ്ചായത്ത് സമർപ്പിച്ച മറുപടി താഴെ ചേർക്കുന്നു. (ഓഡിറ്റ് അന്വേഷണം നം -4/24.02.20)

പദ്ധതിക്ക് ഡി.പി.സി അംഗീകാരം ലഭ്യമാക്കി ഐ.ആർ.ടി.സി, മുണ്ടൂരിന് വർക്ക് ഓർഡർ നൽകിയെങ്കിലും കല്ലിങ്കൽ എന്ന നിർമ്മാണ സ്ഥലത്ത് മാലിന്യ സംസ്കരണ ശാലക്കെതിരെ പ്രദേശവാസികൾ പ്രക്ഷോഭം നടത്തിയതിനെ തുടർന്ന് പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല. നിലവിൽ മുല്ലേരി എന്ന സ്ഥലത്ത് പദ്ധതി നടപ്പാക്കുവാൻ പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. ബ്ലോക്ക് വിഹിതം 2382800/- രൂപ, ശുചിത്വ മിഷൻ ഫണ്ട് 1318790/- രൂപയും ചെലവഴിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്നു. ടി തുക വരും വർഷത്തിൽ വിനിയോഗിക്കുന്നതാണ്.

നിലവിലെ പ്രവർത്തനം

പഞ്ചായത്തിനെ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ പഞ്ചായത്ത് കോമ്പൗണ്ടിനുള്ളിൽ തന്നെ താൽക്കാലിക എം.സി.എഫ് തുടങ്ങി. 24 പേരടങ്ങുന്ന ഹരിതകർമ്മസേന എല്ലാ വാർഡുകളിലെ വീടുകളിൽ നിന്നും, വ്യാപാര സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിക്കുകയും വ്യാപാരികൾക്ക് വിൽക്കുകയും ചെയ്യുന്നു. നവംബർ/19 മുതലാണ് ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുള്ളത്.

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ, സബ്സിഡി മാർഗ്ഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ

എ. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം

സ.ഉ(കൈ)നം.17/2018/തസ്വഭവ തിയതി 2-2-2018 പ്രകാരം പുറപ്പെടുവിച്ച പതിമൂന്നാം പദ്ധതിയുടെ മാർഗ്ഗരേഖയിലെ ഖണ്ഡിക 11 പ്രകാരം ഷ്രഡ്ഡിംഗ് നടത്തിയതിനുശേഷം ലഭിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡ്ഡ് പത്ത് ശതമാനം റോഡ് പ്രവൃത്തികളിലെങ്കിലും ഉപയോഗപ്പെടുത്തുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി ക്ലീൻ കേരള കമ്പനിയുടെ സഹായം തേടേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിൽ ഷ്രെഡ്ഡിംഗ് മെഷീൻ സ്ഥാപിച്ച് പ്ലാസ്റ്റിക് ഉചിതമായ രീതിയിൽ കയ്യൊഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 15 പ്രകാരം ആളോഹരി ഖര-ദ്രവ-ഇ മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്നതിനും മാലിന്യത്തിൽ നിന്ന് ഊർജ്ജം എന്ന ആശയത്തിന് ഊന്നൽ നൽകുന്നതിനും ദീർഘവീക്ഷണത്തോടുകൂടിയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാധ്യതയും പരിശോധിക്കേണ്ടതാണ്.

2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളനുസരിച്ച് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തുന്നതിനും കയ്യൊഴിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

ബി. ഹരിത കേരള മിഷൻ

പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1 പ്രകാരം നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച നാല് വികസന മിഷനുകളിൽ ഒന്നായ ഹരിതകേരള മിഷന് കൃഷി വികസനം, ശുചിത്വ-മാലിന്യം സംസ്കരണം, ജലസംരക്ഷണം എന്നിങ്ങനെ മൂന്ന് ഉപദൗത്യങ്ങളാണുള്ളത്. ഹരിതകേരള മിഷന്റെ ഭാഗമായി പുറപ്പെടുവിച്ച മേഖലാ മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിച്ച് പദ്ധതികൾ തയ്യാറാക്കേണ്ടതാണെന്നും മാലിന്യരഹിത തദ്ദേശഭരണ സ്ഥാപനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പിന്തുണാ സംവിധാനമായി ഹരിതകേരള മിഷൻ പ്രവർത്തിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഖണ്ഡിക 7.1.6(സി) ശുചിത്വ-മാലിന്യ സംസ്കരണം എന്ന ഖണ്ഡികയിലെ മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിച്ച് മാലിന്യ നിയന്ത്രണത്തിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുവാനും ശുചിത്വ മിഷൻ, ക്ലീൻ കേരളാ മിഷൻ എന്നിവരുടെ സാങ്കേതിക സഹായം തേടാനും ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

സി. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം

സ.ഉ(കൈ)നം.22/2018/തസ്വഭവ തിയതി 14-02-2018 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8ൽ ഖര-ദ്രവ മാലിന്യ സംസ്കരണ ത്തിനായി അനുവദിക്കാവുന്ന സബ്സിഡിയുടെ വിശദാംശം ഉൾപ്പെടുത്തി യിട്ടുണ്ട്.

വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കുന്നതിനായി സബ്സ്ഡി നൽകുന്നതിനുള്ള പ്രോജക്ടുകൾ തൻവർഷം ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. ബയോഗ്യാസ് പ്ലാന്റ്, ഗാർഹിക കംപോസ്റ്റ് മുതലായ വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രോൽസാഹിപ്പിക്കാവുന്നതാണ്. തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വീടുകളിൽ കംപോസ്റ്റ് പിറ്റുകൾ കുഴിച്ചു നൽകിയിട്ടുണ്ട്.

പ്ലാസ്റ്റിക്ക് നിയന്ത്രണത്തിനായി സ്വീകരിച്ച നടപടികൾ

2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ അനുസരിച്ച് പുറപ്പെടുവിച്ച 24-09-2016 ലെ സർക്കുലർ നം.576/ ഡി.സി-1/16/തസ്വഭവ പ്രകാരം 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ മാത്രമേ വിതരണം ചെയ്യുന്നുള്ളൂ എന്ന് ഉറപ്പാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന വ്യാപാരികളിൽ നിന്നും യൂസർ ഫീ ഈടാക്കുന്നതിനും ആയത് സുസ്ഥിര മാലിന്യ നിയന്ത്രണ സംവിധാനങ്ങൾക്കായി ചെലവഴിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് വ്യാപാര സ്ഥാപനങ്ങളിൽ നിന്നും

100/-രൂപ നിരക്കിൽ ഡിസംബർ/2019 മുതൽ യൂസർ ഫീ ശേഖരിക്കുന്നുണ്ടെന്ന് പഞ്ചായത്ത് മറുപടി സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം ഈയിനത്തിൽ തുകയൊന്നും തന്നെ ഈടാക്കിയിട്ടില്ല.

ബദൽ മാർഗ്ഗങ്ങൾ പ്രോൽസാഹിപ്പിക്കൽ

പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ ഉൾപ്പെടെയുള്ള വസ്തുക്കൾക്ക് നിയന്ത്രണം ഏർപ്പെടുത്തുമ്പോൾ പേപ്പർ ബാഗ്, തുണി സഞ്ചി മുതലായ പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളുടെ ഉൽപാദനവും വിപണനവും പ്രോൽസാഹിപ്പി ക്കേണ്ടത് അനിവാര്യമാണ്. പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾക്ക് പകരമായി ഉപയോഗിക്കാവുന്ന തുണിസഞ്ചികൾ തയ്യാറാക്കുന്നതിന് കുടുംബശ്രീ 2 യൂണിറ്റുകളെ കണ്ടെത്തിയിട്ടുണ്ട്. പ്രവർത്തനം ആരംഭിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219എ മുതൽ 219എക്സ് വരെയുള്ള വകുപ്പുകൾ കാര്യക്ഷമമായി പ്രയോഗിക്കേണ്ടതും പരിശോധനാ സംവിധാനം ശക്തമാക്കേണ്ടതുമാണ്.

2. എല്ലാ വാർഡുകളിലേയും മാലിന്യ സംസ്കരണം ഉറപ്പാക്കേണ്ടതാണ്.

3. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള പ്രൊജക്ടുകൾ ആവിഷ്കരിച്ച് വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കേണ്ടതാണ്.

4. വാണിജ്യ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

5. സ്ഥാപനങ്ങൾക്ക് നൽകുന്നതിനുമുമ്പ് സ്ഥാപനങ്ങളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

6. മെറ്റീരിയൽ കളക്ഷൻ സെന്ററിൽ നിലവിൽ സംഭരിച്ചുവെച്ചിട്ടുള്ള പ്ലാസ്റ്റിക് ഉചിതമായ രീതിയിൽ കയ്യൊഴിക്കുന്നതിന് പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുമാണ്.

7. 2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങൾ പ്രകാരം ബൈലോ രൂപീകരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

8. വിവിധ കേന്ദ്ര ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

9. വ്യാപാരികളിൽ നിന്നുള്ള യൂസർ ഫീ കളക്ഷൻ, ബോധവത്കരണ പരിപാടികൾ തുടങ്ങിയവ കാര്യക്ഷമമാക്കേണ്ടതാണ്.

11. പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് പകരമായി ഉപയോഗിക്കാവുന്ന ബദൽ മാർഗ്ഗങ്ങൾ കണ്ടെത്തി പ്രോൽസാഹിപ്പിക്കേണ്ടതാണ്.

12. മാലിന്യ നിയന്ത്രണം സംബന്ധിച്ച തുടർനടപടികൾ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്,ആരോഗ്യ വിഭാഗം സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ മോണിട്ടർ ചെയ്യേണ്ടതാണ്.

13. സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി അനുവദിച്ച് ഉറവിട മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കേണ്ടതാണ്.

14. ജീവനക്കാരുടെ കുറവ്, മറ്റ് പ്രായോഗിക പ്രശ്നങ്ങൾ എന്നിവ നേരിടുന്നുണ്ടെങ്കിൽ ആയത് ഉചിതമാർഗ്ഗേന ഉന്നതാധികാരികളുടേയും സർക്കാരിന്റേയും ശ്രദ്ധയിൽക്കൊണ്ടുവന്ന് പരിഹരിക്കുന്നതിനായി ശ്രമിക്കേണ്ടതാണ്.

15. അക്കൗണ്ടിൽ അവശേഷിക്കുന്ന ബ്ലോക്ക് വിഹിതം 2382800/- രൂപയും, ശുചിത്വ മിഷൻ ഫണ്ട് 1318790/- രൂപയും സമയബന്ധിതമായി വിനിയോഗിക്കേണ്ടതാണ്.
തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഭാഗം-2
ഒന്നുമില്ല

ഭാഗം-3
ഒന്നുമില്ല

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 0.07.2019 മുതൽ 0.07.2019 വരെ | നം.കെ.എസ്.എ-പി.കെ.ഡി21/997/2019(26) തിയതി 26.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2042015 | ഉഴവുകൂലി | 2042015 | 0 |
| | | 100000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| | | 1474406 | ലൈഫ് ഭവനം -ജനറൽ | 1103818 | 370588 |
| | 2016-17 | 2382900 | മാലിന്യ സംസ്കരണം | 0 | 2382900 |
| ഗ്രാമപഞ്ചായത്ത് (ശുചിത്വ മിഷൻ) | 2016-17 | 1318790 | മാലിന്യ സംസ്കരണം | 0 | 1318790 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 13290300 | ഉഴവുകൂലി | 13290300 | 0 |
| | | 200000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | | 3038883 | ലൈഫ് ഭവനം -ജനറൽ | 1380032 | 1658851 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി, മരുതറോഡ് | വിവിധ വാർഡുകളിൽ ഇലക്ട്രിക് | 2/29.06.18 | 119000 | വിനിയോഗ വിവരം ലഭ്യമല്ല | - |

| | | | | | |
|---|---|---|---|---|---|
| | ലൈൻ ദീർഘിപ്പിക്കൽ | | | | |
| കെ.എസ്.ഇ.ബി, എലപ്പുള്ളി | ടി | 2/29.06.18 | 122000 | ടി | - |
| ടി | ടി | 10/15.10.18 | 21960 | ടി | - |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല

# 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 10000000 |
| ആകെ | 10000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10000000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി/FD നമ്പർ | കാലയളവ് | തുക (പലിശ ഉൾപ്പെടെ) | റിമാർക്ക്സ് |
|---|---|---|---|---|---|
| 1. | പൊൽപ്പുള്ളി സർവ്വീസ് സഹകരണ ബാങ്ക്, കൊട്ടുമ്പ് ബ്രാഞ്ച് | 22-5-18 (0004201031358) | 23 മാസം | 10000000 | 22.05.18 മുതൽ 21.04.20 വരെ 8.25% പലിശ നിരക്കിൽ |
| ആകെ | | | | 10000000/- | |

# 4-6 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ | ജി.ഒ (എം.എസ്)നം. 68/2018/ എൽ.എസ്.ജി.ഡി/18.05.2018 | 18076150 | - | - | - | 18076150 |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 11/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1996-97 | 4-2 | 11 | വിശദ വിവരങ്ങൾ ലഭ്യമായില്ല | 118010100301/12.04.18 |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഒന്നുമില്ല.

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | 128764617 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 108060055 |
| വരവിനങ്ങളിലുള്ള നഷ്ടം | 10236 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 106241 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 118031 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഒന്നുമില്ല | | | |

<u>ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 10236 | ശ്രീ ശ്രീകുമാർ.ജി. സെക്രട്ടറി |
| 1-18 | 82986 | ശ്രീമതി. സജിനി.വി.വി അസിസ്റ്റന്റ് എഞ്ചിനിയർ |
| | 2949 | ശ്രീ.അരുൺ.എസ്.ആർ അസിസ്റ്റന്റ് എഞ്ചിനിയർ |
| 1-19 | 12545 | ശ്രീമതി. സജിനി.വി.വി അസിസ്റ്റന്റ് എഞ്ചിനിയർ |
| 1-20 | 5086 | ശ്രീമതി. സജിനി.വി.വി അസിസ്റ്റന്റ് എഞ്ചിനിയർ |
| | 2675 | ശ്രീ.അരുൺ.എസ്.ആർ അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | 116477 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 118031 | ശ്രീമതി. ഖദീജ.കെ, ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്, തിരുവാലത്തൂർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 915 | ശ്രീമതി. സജിനി.വി.വി അസിസ്റ്റന്റ് എഞ്ചിനിയർ |
| | 272 | ശ്രീ.അരുൺ.എസ്.ആർ അസിസ്റ്റന്റ് എഞ്ചിനിയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br><br>(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സജിനി.വി.വി അസിസ്റ്റന്റ് എഞ്ചിനീയർ | അസി. എക്സി. എഞ്ചിനിയർ പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് | നീലാംബരി ഭൂമിപുത്ര ഗാർഡൻ വില്ല-, കാളിപ്പാറ കൊട്ടേക്കാട്. പാലക്കാട് |
| ശ്രീ.അരുൺ. എസ്.ആർ | അസി.എഞ്ചിനിയർ കൊടുമ്പ് ഗ്രാമപഞ്ചായത്ത് | സീതാ നിലയം അലനല്ലൂർ. പി.ഒ പാലക്കാട് |
| ശ്രീ ശ്രീകുമാർ.ജി. | സെക്രട്ടറി, കൊടുമ്പ് ഗ്രാമപഞ്ചായത്ത് | പുതിയ സ്റ്റോപ്പ്, കല്ലേക്കാട്, പാലക്കാട് |
| ശ്രീമതി.ഖദീജ. കെ. | ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്, തിരുവാലത്തൂർ | W/o. വി.എഫ്.ഹൈദരാലി സിവിൽ സ്റ്റേഷൻ (behind) പാലക്കാട് |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ-പികെഡി-14/838/2018 തിയതി 22-11-2018 (അദാലത്ത്) | 4 |
| 1997-98 | | 2 |
| 1998-99 | | 2 |
| 1999-2000 | | 2 |
| 2000-01 | | 1 |
| 2001-02 | | 8 |
| 2002-03 | | 10 |
| 2003-04 | | 4 |
| 2004-05 | | 4 |
| 2005-06 | | 1 |
| 2006-07 | | 2 |
| 2007-08 | LF.P15-1749/11/26.12.11 | 6 |
| 2008-09 | LF.P15-1605/12/ 23.12.12 | 6 |
| 2009-10, 2010-11 | LF.P15-946/14/ 03.09.14 | 16 |
| 2011-12 | LF.P15-946/14/ 03.09.14 | 6 |
| 2012-13 | LF.P15-2250/14/09.03.15 | 11 |
| 2013-14, 2014-15 | KSAPKD15/591/2016 | 22 |
| 2015-16 | KSAPKD14-24/2017 | 19 |
| 2016-17 | നം.കെ.എസ്.എ-പികെഡി14/1039/2017/07.06.2017 | 22 |
| 2017-18 | നം.കെ.എസ്.എ-പികെഡി14/786/2019തിയതി.28.06.2019 | 20 |

തീർപ്പാക്കുവാൻ അവേശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1 സാക്ഷ്യപത്രം

നം.കെ.എസ്.എ-പികെഡി.21-997/2019(26)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയതി: 26-8-2019

Phone No.04912520145

e-mail. Dopkd.ksad@kerala.gov.in

## സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ 31-3-2019 ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്, ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## ന്യൂനതകളുടെ സംഗ്രഹം

1. വസ്തുനികുതി - സാംഖ്യ, സഞ്ചയ കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

വസ്തുനികുതി ഡിമാന്റ്, കലക്ഷൻ,ബാലൻസ് - സഞ്ചയ പ്രകാരമുള്ള ബുക്ക് അഡ്ജസ്റ്റ്മെന്റ്സ് സാംഖ്യയിൽ പ്രതിഫലിക്കുന്നില്ല.

2. സചിത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ആസ്തി രജിസ്റ്ററിൽ ഡാറ്റാ എൻട്രി നടത്തിയിട്ടുണ്ടെങ്കിലും സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യത്തിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

3. സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആക്കി സൂക്ഷിച്ചിട്ടില്ല.

4. ഡെപ്പോസിറ്റ് രജിസ്റ്റർ - വിവിധ ഇനം ഡെപ്പോസിറ്റുകൾ വർഷം തിരിച്ച് വരവ് ചെലവ് നീക്കിയിരിപ്പ് രേഖപ്പെടുത്തി സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

5. വാടക രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6. Community hall വാടക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

7. വെള്ളക്കരം കുടിശ്ശിക – രജിസ്റ്ററും, വാർഷിക ധനകാര്യപത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

8. വികസന ഫണ്ട് ജനറൽ ചെലവ് - വാർഷിക ധനകാര്യപത്രിക, ACR എന്നിവ പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| ACR | 14262028/- |
| AFS | 13764211/- |
| Difference (GO Project- honourarium for anganwadi employees) | 497817/- |

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD.21-997/2019(26)

Kerala State Audit Department

District Audit Office,Palakkad

Date: 26-8-2019

Phone No.04912520145

e-mail. dopkd.ksad@kerala.gov.in

## Certificate

Certified that I have examined the Annual Financial Statement of Kodumbu Gramapanchayat in Palakkad District for the year ended on 31-3-2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, the Rules made there under and the Guidelines issued by the Comptroller and Auditor General of India for the Cetification of Accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kodumbu Gramapanchayat for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

Deputy Director

## Abstract of Defects/Discrepancies

1. Property tax in AFS not in agreement with the Sanchaya Statement. The demand, collection and balance with respect to current and arrear accounts differs in Sankhya and Sanchaya. The book adjustments as per Sanchaya do not reflect in Sankhya.

2. The data pertaining to Asset register not linked with sankhya. Hence the correctness of the value of assets as per balance sheet could not be ascertained.

3. Stock register nto maintained as value baesd.

4. Yearwise receipt, payment and balance not prepared in the Deposit Regiser.

5. Rent Regiser not properly maintained.

6. Community Hall Rent Regiser not maintained.

7. Water charge arrear not in agreement with the Register and AFS.

8. Plan Fund General not in agreement with AFS & ACR .

| | |
|---|---|
| ACR | 14262028/- |
| AFS | 13764211/- |
| Difference (GO Project- honourarium for anganwadi employees) | 497817/- |

Deputy Director

# അനുബന്ധം-2 വിവിധ പത്രികകളുടെ സംക്ഷിപ്തം

RECEIPT AND PAYMENT STATEMENT

| Kodumba Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 16085323.00 |

| | | | |
|---|---|---|---|
| Cash | Cash | RP-40(a) | 125876.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1687954.00 |
| 130000000 | Rental income from Panchayat Properties | RP-3 | 195455.00 |
| 140000000 | Fees & User Charges | RP-4 | 606266.00 |
| 150000000 | Sale & Hire Charges | RP-5 | 286104.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 57961574.00 |
| 171000000 | Interest Earned | RP-9 | 288849.00 |
| 311000000 | Earmarked Funds | RP-29 | 80000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 10370872.00 |
| 340000000 | Deposits Received | RP-34 | 2000.00 |
| 350000000 | Other Liabilities | RP-36 | 487215.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 200020.00 |
| 330000000 | Secured Loans | RP-32 | 18076150.00 |
| 340000000 | Deposits Received | RP-34 | 123316.00 |
| 341000000 | Deposit Works | RP-35 | 0.0 |
| 350000000 | Other Liabilities | RP-36 | 557255.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 21214866.00 |
| 460000000 | Loans, Advances and Deposits | RP-47 | 415522.00 |
| | Grand total | | 128764617.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3676642.00 |
| 220000000 | Administrative Expenses | RP-12 | 1333255.00 |
| 230000000 | Operations & Maintenance | RP-13 | 2386141.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 10064189.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 18060315.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3816782.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 184911.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 3046265.00 |
| 255000000 | Maintenance Projects | RP-20 | 17487890.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 118030.00 |
| 280000000 | Prior Period item | RP-26 | -10900.00 |
| 311000000 | Earmarked Funds | RP-29 | 80000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3780477.00 |
| 340000000 | Deposits Received | RP-34 | 2000.00 |
| 350000000 | Other Liabilities | RP-36 | 5497842.00 |
| | Non Operating | | |

| | | | |
|---|---|---|---|
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 248.00 |
| 280000000 | Prior Period Item | RP-26 | -31190.00 |
| 340000000 | Deposits Received | RP-34 | 124072.00 |
| 341000000 | Deposit Works | RP-35 | 0.0 |
| 350000000 | Other Liabilities | RP-36 | 1932851.00 |
| 410000000 | Fixed Assets | RP-38 | 7681038.00 |
| 420000000 | Investments | RP-41 | 10000000.00 |
| 440000000 | Pre-paid Expenses | RP-45 | 18076150.00 |
| 460000000 | Loans, Advances and Deposits | RP-47 | 753047.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 20548468.00 |
| Cash | Cash | RP-40(b) | 156094.00 |
| | Grand Total | | 128764617.00 |

INCOME AND EXPENDITURE STATEMENT

| Kodumba Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 6873500.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 504011.00 |
| 140000000 | Fee & User Charges | I-4(b) | 1344358.00 |
| 150000000 | Sale & Hire Charges | I-5(b) | 295842.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 113153923.00 |
| 171000000 | Interest Earned | I-8 | 288849.00 |
| 180000000 | Other Income | I-9 | 200020.00 |
| | Total Income | | 122660503.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9540441.00 |
| 220000000 | Administrative Expenses | I-11(b) | 1334348.00 |
| 230000000 | Operations & Maintenance | I-12(b) | 3483016.00 |
| 240000000 | Interest & Finance Charges | I-13 | 248.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 10064189.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 32028614.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3816782.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 184911.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 40375765.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | I-14(e) | 17487890.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 118030.00 |
| 272000000 | Depreciation | I-17(a) | 4851407.00 |
| | Total Expenditure | | 123285641.00 |
| | Gross Surplus/ Deficit of income over Expenditure | | -625138.00 |
| 280000000 | Prior Period Item | I-18 | -42090.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -583048.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

BALANCE SHEET

| Kodumba Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 24107045.65 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 61740753.00 |
| | Total Reserve & Surplus | | 85847798.65 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8255025.00 |
| | Total Grants, Contributions for Specific Purposes | | 8255025.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 18076150.00 |
| | Total Loans | | 18076150.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 420613.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1121647.35 |
| | Total Current Liabilities and Provisions | | 1542260.35 |
| | TOTAL LIABILITIES | | 113721234.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 67277670.00 |
| 411000000 | Accumulated Depreciation | B-11 | -4851407.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 62426263.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 10000000.00 |
| | Total Investments | | 10000000.00 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 2129108.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 18076150.00 |
| | | | |

Deputy Director